പുസ്തകം ൪. ലക്കം ൩.

കന്യകാനാഥ

The Flower of Carmel



പ്രതിമാസ പത്രിക.

MANNANAM AUGUST 1906.

തിരുഹൃദയ ഭക്തന്മാർ

ഫെബ്രുവരി മാസത്തിൽ ചെയ്യേണ്ട പ്രവൃത്തികൾ.

"സത്യവിശ്വാസ പ്രസരണം"

ലോകരക്ഷിതാവായ ന. കു. ദൈവശിരോമണി ഈശോമിശിഹാ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പു തന്റെ ശിഷ്യന്മാരോട് "നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിച്ചു സ്നാനപ്പെടുത്തുവിൻ; വിശ്വസിക്കുന്നവനും സ്നാനം ഏല്ക്കുന്നവനും രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവനോ ശിക്ഷാവിധിക്കു യോഗ്യനായിത്തീരും. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം കാത്തുകൊൾവാൻ അവരെ പഠിപ്പിപ്പിൻ" എന്നരുളിച്ചെയ്തു. ഈ കല്പനയുടെ പൂർത്തീകരണം തന്നെയാണ് ഈ മാസത്തിലെ പ്രവൃത്തികളിന്റെ താല്പര്യവും. അതുകൊണ്ടു ലോകരക്ഷയ്ക്കായി നമ്മുടെ കർത്താവു തന്റെ ജ്ഞാനരാജ്യത്തെയിട്ടു സ്ഥാപിച്ചിരിക്കുന്ന ഏക കത്തോലിക്കാ തിരുസ്സഭ ലോകമെങ്ങും വ്യാപിച്ചു വർദ്ധിക്കുന്നതിനു നിങ്ങൾ തിരുഹൃദയ ഭക്തന്മാർ തങ്ങളാൽ പറ്റുള്ള പ്രയത്നങ്ങളും സഹായങ്ങളും ചെയ്യുന്നതുകൂടാതെ ഈ സദുദ്ദേശത്തിനായി പ്രത്യേകമായി പ്രാർത്ഥിക്കയും വേണം.

സംഗതി വിവരം.

I എട്ടു വേദസാക്ഷികൾ.
II സത്രുപ വന്ദന.
III പുണ്യ പരീക്ഷ.
IV വി. അല്ഫോൻസുലിഗോരിയുടെ ചരിത്ര സംക്ഷേപം.
V സാക്ഷാൽ ഭക്തി.
VI കൃതജ്ഞത.
VII ദണ്ഡവിമോചന തിരുസ്സഭാധികാരികളിൽനിന്നുള്ള ഒരു ദെക്രേത്തു.
VIII ക. ദി. മു. സഭയുടെ പുനഃസംഘീകരണം.
IX ലോകവർത്തമാന ചുരുക്കം.

പത്രവരിവിവരം.

അതെന്തൊന്നുകൊണ്ടു തപാൽക്കൂലി ഉൾപ്പടെ ഇംഗ്ലീഷ് രൂപാ ഫ.

യാതൊരുത്തൻ 8 പേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചു കൊടുക്കയും പത്രവരിസംഖ്യ ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു നാമതിനു ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടുന്നതാണ്.

"കർമ്മല കുസുമം" മാനേജർ അവർകൾക്കു,

Mannanam. മാന്നാനം.

Travancore.

കൗമുദീകുസുമം.

പുസ്തകം ൪-)　　൧൯൦൯ ആഗസ്റ്റ്.　　(പക്കം ൩൨.

വിട്ട വേദസാക്ഷികൾ.

കഴിഞ്ഞ മെയ് മാസം ൨൦൦൫-ാം ഞായറാഴ്ച റോമായിൽ വിശുദ്ധ പത്രോസിന്റെ വലിയ ദേവാലയത്തിൽ വച്ചു ൧൯-ാം പീയൂസ് മാപ്പാച്ചാ തിരുമനസ്സുകൊണ്ടു ഉമ്മനീങ്കോസ് സഭക്കാരായ വ വേദസാക്ഷികളെ ഭാഗ്യപ്പെട്ടവർ (Beati) എന്ന പേർ വിളിച്ചു. കത്തോലിക്കാതിരുസ്സഭക്കു പൊതുവിലും കൊന്തസഭയുടെ നടനായകമായ വിശുദ്ധ ഉമ്മനീങ്കോസിന്റെ സഭയ്ക്കു പ്രത്യേകിച്ചും ഒരു പുതിയ ശ്രേയസ്സും ശോഭയുമായി വിളങ്ങുന്ന ൧൯൦൫ മഹാത്മാക്കൾ തൊങ്കീൻ (Tonchin) രാജ്യത്തു പല അവസരങ്ങളിലുണ്ടായ വേദകലാപത്തിൽ കത്തോലിക്കാ സത്യവേദത്തെപ്രതികൊല്ലപ്പെട്ടവരാണ്. നമ്മുടെ ൦രം അടുത്തകാലത്തുണ്ടായ ൦രം പരിശുദ്ധ വേദസാക്ഷികളുടെ ചരിത്രം അറിയുന്നതു ഏവക്കും ഉപകാരപ്രദമാകയാൽ, ഇവരെപ്പറ്റി അല്പം വിവരിക്കുന്നു.

കത്തോലിക്കു തിരുസ്സഭയുടെ ഒരലങ്കാരമായ വിശു. ഉമ്മനീങ്കോസിന്റെ സഭ, പൂവ്വം മുതൽ ചീനം, ആനാം, സയാം, തൊങ്കീൻ, സീഖ്യാ, മെസൊപ്പൊതാമ്യാ, ഫിലിപ്പീൻ തുരുത്തുകൾ എന്നീ സ്ഥലങ്ങളിൽ സത്യവേദം പ്രസംഗിക്കുന്നതിനു സഭക്കാരായ മിസ്യോനരിമാരെ അയച്ചു വരുന്നുണ്ട്. എന്നാൽ തൊങ്കീൻ രാജ്യത്തു ൧൮൩൫-ാമാണ്ടു മുതൽ ഉമ്മനീങ്കോസ് സഭക്കാർ കത്തോലിക്കാ വേദം പ്രസംഗിച്ചു. ൧൮൩൫-ാമാണ്ടിൽ പ്രോപ്പഗാന്ത് തിരുസ്സംഘം തൊങ്കീൻ വികാരിയാത്തു ഉമ്മനീങ്കോസ് സഭക്കു സ്ഥിരമായി ഏൽപ്പിച്ചുകൊടുത്തു. ആ രാജ്യത്തെ വേദം ബുദ്ധമതമാണ്. ൦രം വേദക്കാരിൽ നിന്നു പലതവണയും ഭയങ്കരമായ വേദഞെരുക്കങ്ങൾ ഉണ്ടായതിനാൽ, അനേക മിസ്യോനരിമാർ ദയനീയമായ വിധത്തിൽ കൊല്ലപ്പെട്ടു. ആ രാജ്യത്തെ ഭരിച്ചിരുന്ന ക്രൂര രാജാക്കന്മാരിൽ നിന്നും പ്രത്യേകം ടുഡുക്ക് (Tu-Duc) എന്ന രാജകുടുംബത്തിൽ നിന്നും ഉണ്ടായിട്ടുള്ള വേദഞെരുക്കങ്ങൾ, കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യംവരെ അതായതു പ്രാൻസുകാർ അനാം, ഇന്തൊച്ചീനാ എന്ന ൦രം രാജ്യങ്ങളിൽ പ്രവേശിച്ചകാലത്തോളം ദീർഘിച്ചു. ൦രം കാലത്തിന്നിടക്കു പലതവണയായി ഉണ്ടായ വേദഞെരുക്കങ്ങളിൽ വേദസാക്ഷിമുടിപ്രാപിച്ചവർ പലരുണ്ട്. എന്നാൽ നമ്മുടെ ൦രം എട്ടു ജ്ഞാനവീരന്മാർ അവരിൽ ഏറ്റം പ്രസിദ്ധരാണ്. ഇവരിൽ ഒന്നാമനായ ഭാഗ്യപ്പെട്ട പ്രാംസീസ്കോസ് ജിൽ (Beatns Fransiscus Gil) ൧൭൭൨-ൽ കത്തലോനിയാ പ്രദേശത്തു തൊർത്തോസാ (Tor tosa) പട്ടണത്തിൽ പിറന്നു. മനവയസ്സിൽ ഉമ്മനീങ്കോസ് സഭയിൽ ചേർന്നു. അജ്ഞാനികൾക്കു സത്യവേദം പ്രസംഗി

ക്കുന്നതിനു മഹാ താല്പര്യക്കാരനായിരുന്നതിനാൽ ൧൬൩൪-ൽ പട്ടമേറ്റയുടനെ തോങ്കീൻ രാജ്യത്തിനുപോയി. പത്തു വർഷത്തോളം അവിടെ വേദപ്രസംഗംനടത്തിയാറെ കാര്യരിൽ നിന്നുണ്ടായ ഒരു വേദഞെരുക്കത്തിൽവച്ചു പല ഞെരുക്കങ്ങൾ സഹിക്കയും, കടശിപിടിപെട്ട കഠിന പാറാവിൽ ആക്കപ്പെടുകയും, വിധിയാളന്റെ മുമ്പാകെവച്ചു വേദമുപേക്ഷിപ്പാൻ ചോദിക്കയിൽ സമ്മതിക്കാഞ്ഞതുകൊണ്ടു ൧൬൪൫ ജനുവരി ൨൨-നു കഴുത്തുവെട്ടപ്പെടുകയും ചെയ്തു.

രണ്ടാമനായ ഭാഗ്യപ്പെട്ട മത്തായി അലോൻസൊ ലെസിനിയനെ (B. Matteo Alonso Leziniana) ൧൬൨൨ൽ ഇസ്പാഞ്ഞാ രാജ്യത്തു് നാവാദെൽ റെയ് (Nava del Key) എന്ന പട്ടണത്തിൽ പിറന്നു. ദുമ്മനീക്കോസ് സഭയിൽ ചേർന്നു വേദം പ്രസംഗിപ്പാനായി അത്യും പീലിപ്പിൻ തുരുത്തിലേക്കും അവിടെ നിന്നു തോങ്കീൻ രാജ്യത്തിനുംപോയി. മേൽ പറയപ്പെട്ടിരിക്കുന്ന ഭാഗ്യപ്പെട്ട പ്രാസീസ്കോസ് ജീൽ ഒന്നിച്ചു സത്യവേദത്തെപ്രതി പാടുപീഡകൾ സഹിക്കയും കഠിനപാറാവിൽ അടക്കപ്പെടുകയും ഒരു ദിവസം തന്നെ തലവെട്ടപ്പെടുകയും ചെയ്തു.

മൂന്നാമനായ ഭാഗ്യപ്പെട്ട വിൻസൻറ്യേം (B. Vincenzo Liem) തോങ്കീൻ നാട്ടുകാരനാണു്. സ്വദേശ്യരിൽ കുലശ്രേഷ്ഠതയുള്ള ഒരു കുടുംബത്തിൽ നിന്നു ൧൬൨൫-ൽ പിറന്നു. ദുമ്മനീക്കോസ് സഭയിൽ ചേർന്നു സ്വദേശ്യരും സ്വന്തപട്ടണക്കാരുമായ കാര്യരോടു പ്രസംഗിച്ചുവന്നു. ഇതിനാൽ ക്രിസ്തുവേദത്തിന്റെ മഹാ ശത്രുവായ (Dieu- can) ദ്യൂകാൻ എന്നവൻ ൧൬൫൪-മാണ്ടു ഇദ്ദേഹത്തെ പിടിച്ചു ചാകത്തക്കവിധത്തിൽ അടിക്കയും അനന്തരം ജനത്തിന്റെ പരിഹാസവിഷയമായി ഒരു ഇടുങ്ങിയ കൂട്ടിൽ ഇട്ടു വേട്ടക്കാട്ടുന്ന സംപ്രദായത്തിൽ വെളിയിൽ വെക്കയും ചെയ്തു. (Ketcho) കെറ്റ്ച്ചൊ എന്ന രാജാവിന്റെ മുമ്പാകെ മരണത്തിനു വിധിക്കപ്പെട്ടപ്പോൾ കത്താവിന്റെ ഒരു തുങ്ങപ്പെട്ട രൂപത്തിന്റെ സന്നിധിൽ മുട്ടുകുത്തി വിശ്വാസപ്രമാണം, അകാശങ്ങളിലിരിക്കുന്നതു, രാജകന്നി എന്നിവ ജപങ്ങൾ ചൊല്ലി. ഉടനെ വിധിപ്രകാരം പടയാളികൾ (Donmo) ദൊൻമൊ എന്ന മൈതാനത്തിൽ കൊണ്ടുപോയി തലവെട്ടി. എന്നാൽ വിശ്വാസികൾ പടയാളികളുടെ കൈയിൽ തുണിനുറുക്കുകൾ കൊടുത്തു വേദസാക്ഷിയുടെ രക്തത്തിൽ മുക്കിമേടിച്ചു പൂജ്യമായ തിരുശ്ശേഷിപ്പായി സൂക്ഷിച്ചിരുന്നു.

നാലാമനായ ഭാഗ്യപ്പെട്ട യച്ചീന്ത് കസ്നേദാ (B.Giacinto castaneda) ഇസ്പാഞ്ഞരാജ്യത്തിൽ വളെൻസാ പ്രദേശത്തു സെറുബീസ് എന്ന പൂവ്വപട്ടണത്തിൽ ഭക്തരായ മാതാപിതാക്കന്മാരിൽ നിന്നു ൧൬൨൨-മാണ്ടു പിറന്നു. ദുമ്മനീക്കോസ് സഭയിൽ ചേർന്നു പട്ടമേറിട്ടു വേദം പ്രസംഗിപ്പാനായി അത്യും ചീനത്തിനുപോയി. അവിടെ വേദത്തെപ്രതി പിടിക്കപ്പെട്ടു കഠിന പാറാവിൽ ഇടപ്പെടുകയും വളരെ കഷ്ടപ്പാടുകൾ സഹിക്കേയും ചെയ്തു. ൧൬൩൮-ൽ അവിടെ നിന്നു ഒരുവിധത്തിൽ രക്ഷപെട്ടു തൊങ്കീൽ രാജ്യത്തിൽ വന്നുചേർന്നു. അവിടെ മൂന്നുവർഷത്തോളം സത്യവേദം പ്രസംഗിച്ചു. പലതവണ വേദവൈരികൾ അദ്ദേഹത്തെ പിടിച്ചുകൊല്ലുവാൻ ശ്രമിച്ചു. എന്നാൽ ൧൬൪൨-ൽ അദ്ദേഹത്തെ പിടിച്ചു എതൃയും ഇടുക്കമുള്ള ഒരു കൂട്ടിൽ ഇട്ടു രണ്ടുമാസത്തോളം കഠിന പാടുകൾ അനുഭവിപ്പിക്കയും കടശി, മേൽ സൂചിക്കപ്പെട്ട വിൻസൻറ് വേദസാക്ഷിയോടുകൂടെ ഒരുമിച്ചു തലവെട്ടപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിന്റെ അമ്മ തന്റെ മകൻ വേദസാക്ഷിയാ

യിട്ടു മരിച്ചുവെന്നും കേട്ടാറെ ഇസ്പാഞ്ഞായിൽ ഉമ്മനീങ്കോസ് സഭയുടെ ഒരു പള്ളിയിൽ അനേക പുരുഷാരത്തിന്റെ മദ്ധ്യേ നിന്നുകൊണ്ടു (Te Deum) "തെദേവും" എന്ന സംഗീതം പാടി ദൈവത്തെ സ്തുതിച്ചു. ഭാഗ്യപ്പെട്ട യുവീന്തിനുസിന്റെ വയസ്സും ഭാഗ്യപ്പെട്ട വിൻസൻറിന്റെ രണ്ടു വയസ്സും മാത്രമേയുള്ളു.

ശേഷമുള്ളവർ നാലുപേരും നമ്മുടെ ഒരു അടുത്തകാലത്തു അതായതു ക്രിസ്താബ്ദം തൊങ്കീൻ രാജ്യത്തുണ്ടായ ഭയങ്കരവേദപീഡനത്തിൽ സത്യവേദത്തെക്കുറിച്ചു കൊല്ലപ്പെട്ടവരാണ്. ഇവരിൽ മൂന്നുപേർ ഇസ്പാഞ്ഞാക്കാരും ഒരുത്തൻ തൊങ്കീൻനാട്ടുകാരനുമാണ്. ഒരു നാലുപേരിൽ പ്രഥമനായ ഭാഗ്യപ്പെട്ട പലന്തീൻ ബെറിയൊ ഒക്കൊ B. Valentin Berrio ochoa) തൊങ്കീൻ മദ്ധ്യഭാഗത്തെ വികാരി അപ്പസ്തോലികം മെത്രാനായിരുന്നു. ഇദ്ദേഹം ക്രിസ്താബ്ദം പിറന്നു. ഉമ്മനീങ്കോസ് സഭയിൽ ചേർന്നു പട്ടമേറ്റിട്ടു ക്രിസ്താബ്ദം മനീലായിലുള്ള വേദമറിപ്പാൻ പോയി. അവിടെനിന്നു തൊങ്കീനിൽ മിസ്സ്യവേല നടത്തിവരികയിൽ, വേദസാക്ഷിയായിമരിച്ച (Mgr. sompredo) സാൻപ്രെദോ മെത്രാനവർകളിൽനിന്നു മെത്രാഭിഷേകംകൈക്കൊണ്ടു. അനന്തരം വേദത്തെപ്രതി പിടിക്കപ്പെട്ടു ക്രിസ്താബ്ദം നവമ്പർമാസം ൧൪ തലവെട്ടപ്പെട്ടു. മിശിഹായുടെ സേനാപതിയായ ഒരു മഹാത്മാവിന്റെ ക്രൂടെ ഒരേദിവസം തന്നെ വേദസാക്ഷിമുടി കൈക്കൊണ്ടവരാണ ഭാഗ്യപ്പെട്ട ഒരോറാനീമ്മോസു ഹെർമൊസില്ലും(B. Girolomo Hermosilla) ഭാഗ്യപ്പെട്ട പത്രോസു അൽമാത്തും(B. Pietro Almato) എന്ന രണ്ടു വേദസാക്ഷികൾ. ഭാഗ്യപ്പെട്ട ഒരോറാനീമ്മോസ് ക്രിസ്താബ്ദം മാർച്ചുമാസത്തു പിറന്നു. എന്നാൽ എല്ലാവരിലും ഒടുവിൽ അതായതു ക്രിസ്താബ്ദം ഡിസംബർമാസം ൧൯-൦൦ൽ കൊല്ലപ്പെട്ടതു ഭാഗ്യപ്പെട്ട ഗ്യൂസേപ്പു കാങ്ങ് (B. Guiseppe Khang) എന്ന വേദസാക്ഷിയാണ്. ഇദ്ദേഹം തൊങ്കീൻ നാട്ടുകാരനും ഭാഗ്യപ്പെട്ട ഒരോറാനീമ്മോസ് ഹെർമൊസില്ലായുടെ വിശ്വസ്ത സഹായക്കാരനുമായിരുന്നു. വിശുദ്ധ ഉമ്മനീങ്കോസിന്റെ മൂന്നാം സഭയിൽ ചേർന്നിട്ടുണ്ടായിരുന്നു. ഉപദേശിയുടെ വേലയാണ് നടത്തിയിരുന്നതു. ഇതിനാൽ വേദപീഡകർ ഇദ്ദേഹത്തെ പിടിച്ചു സർവ്വാംഗം മുറിവേൽപ്പിക്കയും, നാട്ടധികാരിയുടെ വിധിപ്രകാരം തല വെട്ടുകയുമുണ്ടായി.

ഓ! ഭാഗ്യപ്പെട്ട വേദസാക്ഷികളെ! നിങ്ങൾക്കു ലഭിച്ചിരിക്കുന്ന മോക്ഷമുടിയെക്കുറിച്ചും ജയവിരുതിനെക്കുറിച്ചും സന്തോഷിക്കുന്ന ഞങ്ങൾ, ദൈവത്തെക്കുറിച്ചും വേദത്തെക്കുറിച്ചും നേരിടുന്ന ദുഃഖരിഷ്ടങ്ങൾ നിങ്ങളുടെ ദൃഷ്ടാന്തംപോലെ ക്ഷമയോടെ സഹിച്ചുകൊണ്ടു മോക്ഷപെരിമ്പഭാഗ്യത്തിൽ നിങ്ങളോടുകൂടെ സന്തോഷിപ്പാൻ ഇടയാകത്തക്കവണ്ണം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

ആമ്മേൻ.

II. സപ്രസാദവന്ദന.

(൨-ാം പുസ്തകം ൫-ാം പക്ഷം തുടർച്ച)

ഒരു സംഭാഷണം.

ശെമൻ— ലൂർദിലോർ പോകുന്നതു പ്രോത്തെസ്തന്തികൾക്കു ആക്ഷേപകരമായ പ്രവൃത്തിയാണെന്നു നിങ്ങൾ പറയുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. "ലൂർദിലെ നമ്മുടെ രാജ്ഞി" യെപ്പറ്റിയുള്ള മിസ്റ്റർ ലാസറിന്റെ പുസ്തകം നിങ്ങൾ വായിച്ചിരുന്നെങ്കിൽ നിങ്ങളുടെ അഭിപ്രായത്തിന്റെ അസാധുത്വം നിങ്ങൾ നല്ലവണ്ണം ഗ്ര

ഹിക്കാമായിരുന്നു. നിങ്ങൾ ലൂർദിൽ പോയിട്ടില്ലെങ്കിൽ ഞാൻ പോയിട്ടുണ്ട്. ഞാൻ പ്രാൻസിൽ ആയിരുന്നപ്പോൾ ലൂർദ് മാതാവിൻപക്കലേക്കു ഒരു തീർത്ഥയാത്ര ഉണ്ടായി. അതൊരു ഉല്ലാസകരമായ യാത്ര അല്ലായിരുന്നെന്നു നിങ്ങളോട് എനിക്കു ധൈര്യപൂർവം പറയാവുന്നതാണ്. അതിരാവിലെ ഞങ്ങൾ എല്ലാവരും ദിവ്യപൂജ കണ്ടുകഴിഞ്ഞിട്ടധികം താമസിക്കാതെ മൂന്നാം ക്ലാസ് തീവണ്ടിയിൽ പ്രവേശിച്ചു. മൂന്നാം ക്ലാസ് ഞങ്ങൾ തിരഞ്ഞെടുത്തതു പ്രായശ്ചിത്തത്തിനു (Penance) വേണ്ടി ആയിരുന്നു. യാത്ര ലൂർദിലെത്താൻ എട്ടുപത്തു മണിക്കൂറുകൾ വേണ്ടിവന്നു. ഈ സമയത്തു ഓരോ നമസ്കാരങ്ങൾ ഏത്തിക്കുന്നതിലും ഭക്തിഗീതങ്ങൾ പാടുന്നതിലും ഞങ്ങൾ ഉൾപ്പെട്ടിരുന്നു. ഓരോ വകുപ്പിൽ ഈ ഭക്തികരമായ കൃത്യങ്ങൾ നടത്തുന്നതിനു ഒന്നോ അധികമോ പട്ടക്കാരുണ്ടായിരുന്നു. വണ്ടികൾ ഓരോ സ്റ്റേഷനിൽ ഏതാനും മിനിറ്റുകൾ താമസിക്കുന്നതിനിടയ്ക്കു ചിലപ്പോൾ ചിലർമാത്രം അല്പമായ ഭക്ഷണക്രമ്പട്ടം വാങ്ങിച്ചു ഭക്ഷിച്ചിരുന്നു. എന്നാൽ ഞങ്ങളിൽ അധികംപേരും ഞങ്ങളുടെ സഞ്ചികളിൽ എടുത്തിരുന്ന ശ്രട്ടങ്ങൾകൊണ്ടു തൃപ്തിപ്പെട്ടിരുന്നു. ലൂർദിൽ എത്തിയപ്പോൾ ഗ്രഹയിലേക്കും (Grotto) പള്ളിയിലേക്കും ഞങ്ങൾ പ്രദക്ഷിണമായി പുറപ്പെട്ടു. അനന്തരം രാത്രി കഴിക്കുന്നതിനു വിടുതിസ്ഥലത്തു പ്രവേശിക്കുകയുണ്ടായി. പിറേറദിവസം അതിരാവിലെ ഞങ്ങൾ പള്ളിയിൽ പോയി കുർബാന കണ്ടുകൊണ്ടും ഗ്രഹയെ സന്ദർശിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും മറ്റു ഭക്തികൃത്യങ്ങൾ നടത്തിക്കൊണ്ടും ദിവസം ചിലവഴിച്ചു. അന്നു വൈകുന്നേരം തിരികെ കത്തിച്ചു പിടിച്ചുകൊണ്ടു ഞങ്ങളെല്ലാവരുംകൂടി കഴിച്ച പ്രദക്ഷിണത്തോടുകൂടി സംഗതി അവസാനിച്ചു. പിറേറ ദിവസം ഞങ്ങളിൽ വലിയവരും വന്നതുപോലെയുള്ള രീതിയിൽ പിന്തിരികയുണ്ടായി. ഇതിൽ പ്രിയ ഡോക്ടരേ! ഏതു കാരണമാണു നിങ്ങൾ കാണുന്നതു്.

ഡോക്ടർ— പ്രാൻസിലെ തെക്കുഭാഗത്തുള്ള ഒരു കുഗ്രാമത്തിലേക്കു പോകുന്നതിനു അധികം നാഴികകൾ യാത്രചെയ്തു നിങ്ങളെ അത്യന്തം ക്ഷീണിപ്പിച്ചതെന്തിനാ? നിങ്ങൾ പാർത്തിരുന്ന പട്ടണത്തിൽ കപ്പേളകൾ ഇല്ലായിരുന്നോ? അവിടെ പ്രാർത്ഥിച്ചാൽ പോരായിരുന്നില്ലേ? ദൈവത്തിനു ഒരു സ്ഥലത്തോടു പക്ഷപാതം ഉണ്ടെന്നു നിങ്ങൾ കരുതുകയല്ലേ ചെയ്യുന്നു? ദൈവം എല്ലായിടത്തുമില്ല?

മെസ— ഉവ്വ്. ദൈവം എല്ലായിടത്തുമുണ്ട്. എന്നാൽ ദൈവം തനിക്കു പ്രതിഷ്ഠിക്കപ്പെട്ട ചില പ്രത്യേക സ്ഥലത്തു സമർപ്പിക്കപ്പെടുന്ന പ്രാർത്ഥനകളെ വിശേഷ വിധത്തിൽ കേൾക്കുമെന്നു വാഗ്ദത്തം ചെയ്തിട്ടില്ലേ?

ഡോ— ഇനിക്കറിവില്ല.

മെസ— നിങ്ങൾക്കറിവില്ലേ? കൊള്ളാം നല്ല സൂത്രം. നിങ്ങളുടെ കൈയിൽ ഇരിക്കുന്ന വേദപുസ്തകം തുറന്നു നാളാഗമം (Chronic) ൨—ാം പുസ്തകം ൭—ാം അദ്ധ്യായം ൭൫ാം വാക്യം മുതൽ ഒന്നു വായിച്ചേ! കേൾക്കട്ടേ.

(ഡാക്ടർ തുറന്നുവായിക്കുന്നു) ഈ സ്ഥലത്തിൽ പ്രാർത്ഥിക്കും എന്നവന്റെ പ്രാർത്ഥനകൾക്കു "എന്റെ കണ്ണുകൾ തുറന്നവയും എന്റെ ചെവികൾ ശ്രദ്ധയുള്ളവയും ആയിരിക്കും. (കന്നു) ഏതുകൊണ്ടെന്നാൽ . . . . ഞാൻ ഈ സ്ഥലത്തെ തിരഞ്ഞെടുത്തു ശുദ്ധമാക്കിയിരിക്കുന്നു. . . "

മെസ— അപ്പോൾ മേൽ വായിക്കപ്പെട്ട വാക്യങ്ങൾകൊണ്ടു, ദൈവം എല്ലായിടത്തും ഉണ്ടെങ്കിലും ഈ പ്രത്യേക സ്ഥലത്തു ചെയ്യപ്പെടുന്ന പ്രാർത്ഥനകളെ പ്രത്യേക വിധത്തിൽ താൻ കേൾക്കുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു എന്നല്ലേ പ്രത്യക്ഷപ്പെടുന്നതു. ഡോക്ടരേ! പിന്നെയും അന്നായും അവളുടെ തന്തോ

വായ എല്ലാനായും സീലോയിൽ സൈന്യങ്ങളുടെ കത്താവിനെ ആരാധിപ്പാനും തനിക്കു ബലികഴിപ്പാനുമായി ചിലപ്പോൾ പോയിരുന്നതായി രാജാക്കളുടെ ഒന്നാം പുസ്തകം ഒന്നാം അദ്ധ്യായത്തിൽ കാണുന്നു. വീട്ടിൽ പാർത്തു ദൈവത്തെ നമസ്കരിച്ചാൽ മതിയെന്നു അവർ വിചാരിക്കാഞ്ഞതെന്തു? ഡോക്ടരെ! എല്ലാ സ്ഥലങ്ങളും ഒരുപോലെ ആണെങ്കിൽ എന്തുകൊണ്ടാണു നിങ്ങൾ പള്ളികൾ പണികയും അവയിൽ കൂട്ടംകൂടുകയും ചെയ്യുന്നതു. നമ്മുടെ രക്ഷിതാവിന്റെ മാതാപിതാക്കന്മാർ കൂടെയും അനുതോറും പെസഹാ ഉത്സവദിവസങ്ങളിൽ ഓർശ്ലമ്മിലേക്കു പോയിരുന്നതായും മിശിഹായുടെ പന്ത്രണ്ടു വയസ്സായപ്പോൾ അവരോടുകൂടെ താൻ പോയതായും പേടപുസ്തകം പറയുന്നു. അനേക നാഴിക പ്രയാണം ചെയ്തു ദൈവത്തെ ആരാധിക്കുന്നതിനു ഒരു ദൂരസ്ഥലത്തു പോകുന്നതു അക്ഷേപാർഹമായ പ്രവൃത്തിയായിരുന്നെങ്കിൽ ദിവ്യരക്ഷകൻ യൂദന്മാരോടു ആ സംഗതിയെപ്പറ്റി പറയാതിരുന്നതെന്തു? ഓർശ്ലമ്മിലേക്കു പോകണ്ടായെന്നു തന്റെ മാതാപിതാക്കന്മാരോടു തന്നെ പറയാതിരുന്നതെന്തുകൊണ്ടു? താൻ തന്നെ അവരോടുകൂടെ പോകാമെന്നു വച്ചതു എന്തിനു? ഈ സംഗതികൾ "പുണ്യയാത്ര"യെ ആക്ഷേപിക്കുന്ന ഡോക്ടർ പ്രത്യേകം ആലോചിച്ചു നോക്കേണ്ടതാണു. മനുഷ്യപ്രകൃതി തന്നെ തീർത്ഥയാത്രയെ ആദരിക്കേ ഡോക്ടർ മറുപ്രകാരം കരുതുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു.

ഡോ— വ്യസനിച്ചിട്ടാവശ്യമില്ല. കടശി പറഞ്ഞ സംഗതി അതായതു മാനുഷികപ്രകൃതി(Humane nature) തീർത്ഥയാത്രയെ ആദരിക്കുന്നുവെന്നു പറഞ്ഞതു തെളിയിച്ചാൽ മതി.

സൈ— ലൂത്തേർ വിശ്വാസിനെ മഷിക്കുപ്പികൊണ്ടു എറിഞ്ഞയിടമായ മാർയേയോ, അയാൾ മരിച്ച സ്ഥലമായ ഐയിസൽബനേ (Eisleben) യോ സന്ദർശിക്കുന്ന അളുകളെപ്പറ്റി പ്രിയ ഡോക്ടരെ നിങ്ങൾ വല്ലപ്പഴും കേട്ടിട്ടുണ്ടോ? കേട്ടിട്ടില്ലെങ്കിൽ ഡബ്ലിയു ടേൺബുള്ളിനാൽ (Turn bul) ഇംഗ്ലീഷിലേയ്ക്കു ഭാഷാന്തരീകരിക്കപ്പെട്ട ആഡിഡി (Audin) ന്റെ ലൂത്തേർ ജീവചരിത്രം വായിച്ചാലീസ്ഥലങ്ങളെ സന്ദർശനം ചെയ്യുന്നതിനായി ഏറിയ പ്രോത്തെസ്താന്തികൾ ആണ്ടുതോറും പോകുന്നതിവായിരുന്നെന്നു കാണാവുന്നതാണു. ബ്രൂസൽസിൽ പോയിട്ടു വാട്ടർലൂ സന്ദർശിക്കാതെ പോരുന്ന ഇംഗ്ലീഷുകാരനുണ്ടോ എന്നു ഒന്നു ആലോചിച്ചു നോക്കു. അപ്പോൾ ഒരു മഹാൻ പിറന്നതോ ജീവിച്ചതോ മരിച്ചതോ ആയ സ്ഥലങ്ങളെ ചെന്നു സന്ദർശിക്കുന്നതു നമ്മുടെ മുറയാകുന്നെങ്കിൽ —വലിയ സംഭവങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിലേക്കു നമ്മൾ തീർത്ഥയാത്ര ചെയ്യുന്നെങ്കിൽ പരിശുദ്ധന്മാർ ജീവിച്ചു മരിച്ചവയോ— അവരുടെ വിശുദ്ധ അസ്ഥികൾ ഉള്ളവയോ ആയ സ്ഥലങ്ങളെ ഭക്തിപൂർവം നമുക്കു സന്ദർശിച്ചുകൂടാത്തതെന്തുകൊണ്ടു? പ്രോത്തെസ്താന്തികളുടെ കപ്രസിദ്ധിയേറിയ യുക്തിഹീനത ഈ സംഗതിയിലും നല്ലവണ്ണം പ്രത്യക്ഷപ്പെടുന്നുണ്ടു.

രായർ— ഇടയ്ക്കൊന്നു ചോദിക്കുന്നതു കൊണ്ടു നിങ്ങൾ മുഷിയരുതേ. ഏന്റെ ഗ്രാഹ്യവൃത്തിനായി ചോദിക്കുന്നതാണു. മിസ്റ്റർ വാൽസിന്റെ കൃതിയിൽ സപ്തമുതൽ നമ്പ വരെയുള്ള നമ്പരുകളിൽ കാണുന്ന പ്രസ്താവനകളെപ്പറ്റി എന്താണു നിങ്ങൾ വിചാരിക്കുന്നതു?.

സൈ— മിസ്റ്റർ രായരേ! ആഭാഗം നല്ലവണ്ണം ഞാൻ ഓർമ്മിക്കുന്നില്ല. നിങ്ങളതൊന്നു വായിക്കു കേൾക്കട്ടെ.

രായർ— (വായിക്കുന്നു) വിഭ്രമ വസ്തുങ്ങളെ ധരിക്കു. മുട്ടത്തലകളോടുകൂടി പ്രദക്ഷിണങ്ങൾ ചെയ്യു, പള്ളിയിൽ മുട്ടുകുത്തി നടക്കു, ചളിയിൽ വീണു സാഷ്ടാംഗം ചെയ്യു, വലിയ ഭാരമുള്ള കുരി

ഴുകളെ ചുമന്നു തങ്ങളെ ക്ഷീണിപ്പിക്ക, ഇതുകളും മനുഷ്യരുടെ മാറിമറിഞ്ഞു പോലുള്ള കണ്ടെത്തിപ്പുകളും യേശുതയുള്ളവയായി തീരുന്നതിനു പകരം അതുകളെ ചെയ്യുന്നവർക്കു വഞ്ചനകരമായതുകൾ മാത്രമാണു്. വേദപുസ്തകം അറിയാത്ത മനുഷ്യരിൽ ഇതുപോലുള്ള മുറകൾ പ്രചാരപ്പെട്ടിരിക്കുന്നതിനാൽ കൃസ്ത്യാനികൾ ഇങ്ങനെ ചെയ്യുന്നതു ശരിയല്ലാത്തതും ഹാസ്യമായതുമാകുന്നു.

സെ— വേദപുസ്തകം അറിയാത്ത ആളുകളുടെ ഇടയിൽ മാത്രം ഈമുറകൾ പ്രചാരപ്പെട്ടിരിക്കുന്നെന്നു പറയുന്നതിനു മിസ്റ്റർ വാൽഡിനു ധൈര്യമുണ്ടായതിൽ ഞാനാശ്ചര്യപ്പെടുന്നു. വേദപുസ്തകത്തെ അരച്ചുകലക്കികുടിച്ചിട്ടുള്ളവരെന്നു വമ്പു പറയുന്ന ക്രൂട്ടരിൽ ഒരുവൻ എന്നല്ല അദ്വിതീയനായ ഇയ്യാൾക്കു യൌനാന്റെ പുസ്തകം മൂന്നാം അദ്ധ്യായമെങ്കിലും വായിക്കുന്നതിനു കണ്ണില്ലാതെ പോയതു ഭയങ്കരം തന്നെ. എന്തെന്നാൽ "നിനവേയിലെ രാജാവിനു വചനം വന്നു. അപ്പോൾ അവൻ തന്റെ സിംഹാസനത്തിൽനിന്നു എഴുന്നീറ്റു തന്റെ വസ്ത്രത്തെ തന്നിൽനിന്നു മാറ്റി. രട്ടു-ഉടുത്തു ചാരത്തിൽ ഇരുന്നു" എന്നു കാണുന്നു. പുസ്തകം ൩—ാം അദ്ധ്യായം ൫—ാം വാക്യത്തിൽ കാണുന്നു. ഇതുപോലുള്ള സാക്ഷികൾ വേദപുസ്തകത്തിന്റെ മറ്റൊരൊ ഭാഗങ്ങളിലും കാണുവുന്നതാണു്. യേഹോശുവാ പ്രതിക്ഷിണമായി പോകുന്നതിനു ഇസ്രായേൽക്കാരോടു ദൈവം കല്പിച്ചതായി വേദപുസ്തകത്തിൽ കാണുന്നതു വാൽസും ക്രൂട്ടും നല്ല പണ്ണം ഉരുവിടേണ്ടതാണു്. പ്രിയ ഡോക്ടരെ! നിങ്ങളുടെ കയ്യിൽ ഇരിക്കുന്ന വേദപുസ്തകം ഒന്നു തുറന്നു യോശുവാ ൬—ാം അദ്ധ്യായം ൩—ാം വാക്യം മുതൽ ഒന്നു വായിച്ചാൽ വളരെ ഉപകാരമായിരിക്കും.

ഡോ— (വായിക്കുന്നു) 'പടയാളികളായ നിങ്ങൾ ഏഴുദിവസം ദിവസത്തിലൊരിക്കൽ നഗരത്തിൽ ഒരു പ്രദക്ഷിണം ചെയ്യണം. ഇങ്ങനെ ആറുദിവസം നിങ്ങൾ ചെയ്യണം. എന്നാൽ ഏഴാം ദിവസം പട്ടക്കാർ ജൂബിലിയിൽ ഉപയോഗിക്കപ്പെടുന്ന ഏഴു കാഹളങ്ങളെ ഏടുത്തു വാദ്യത്ത പെട്ടകത്തിന്റെ മുമ്പേ പോകണം. ഏഴു പ്രാവശ്യം നഗരത്തിനു നിങ്ങൾ പ്രദക്ഷിണം ചെയ്യണം പട്ടക്കാർ കാഹളം ഊതുകയും വേണം'. (Josue Ch. VI. V 3. 4.)

സെ— മതി. വായിച്ചതു മതി. വാദ്യത്ത പെട്ടകം എന്നു വച്ചാൽ എന്താണെന്നു മിസ്റ്റർ രായരെ! നിങ്ങൾക്കറിയാമോ?

രായർ— എനിക്കറിവാൻ പാടില്ലാ. എന്തെന്നു പറയുന്നതു കേൾപ്പാൻ ഞാൻ അത്യാശയോടെ പാർത്തിരിക്കുന്നു.

(തുടരും.)

സൂചന— എന്റെ മുൻ ലെഖനത്തിൽ ''നിങ്ങൾ ഒരു പ്രേതത്തെസ്സാന്ത്വിയാണെന്നു തോന്നുന്നു'' എന്നതിനു തോന്നുന്നില്ലാ എന്നും, 'ഒരു സൂത്രപ്പണിക്കാരന്റെ കരങ്ങൾ ഒരു രൂപം നമുക്കുണ്ടാക്കുന്നതു' എന്നതിനു പകരം സൂത്രപ്പണിക്കാരന്റെ രൂപം നമ്മു... എന്നും അച്ചടിപ്പിഴ വന്നതിങ്കൽ വ്യസനിക്കുന്നു.

പി. കെ. അന്തോന്നികുഞ്ഞനാർ.

III. പുണ്യപരീക്ഷ.

(വിശ്വാസം തുടർച്ച.)

വിശ്വാസം എന്തെന്നും അഥവാ വിശ്വാസത്തിന്റെ സ്വഭാവം എന്തെന്നും വിശ്വാസത്തിന്റെ കാരണം എന്തെന്നും കണ്ടറിഞ്ഞു ഇതിന്റെ വിഷയം ഏതെന്നും വിരോധം എങ്ങനെയെന്നും ആലോചിക്കാം. നാം എന്തുണ്ടു വിശ്വസിക്കുന്നതു? പൊതുവായിപ്പറഞ്ഞാൽ ദൈവം നമ്മോടു അറിയിച്ചിട്ടുള്ളവ എല്ലാം. അതായതു, ദൈവം മുമ്പു

ദീർഘദർശികൾ മൂലം പലഭാഗങ്ങളായും പല വിധമായും നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചശേഷം, ഒരും ഒടുക്കത്തെ നാളുകളിൽ തന്റെ പുത്രൻ മൂലമായി നമ്മോട് സംസാരിച്ചു (എബ്രാ. ൧. ൧.) എന്ന സാക്ഷിപ്രകാരം ദൈവം ദീർഘദർശികൾ മൂലമായും, മാലാഖമാർ മൂലമായും, തന്റെ ഏക ജാതനായ ന. ക. ര ശോമിശിഹാ മൂലമായും മനുഷ്യർക്ക് വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളെല്ലാം നമ്മുടെ വിശ്വാസത്തിന്റെ മൌത്തിക വിഷയം (Material Object.) ആകുന്നു. ഈ സത്യങ്ങളെല്ലാം വേദപുസ്തകം പാരമ്പര്യം എന്ന ഇരു ഭണ്ഡാരങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ എല്ലാവരും വേദപുസ്തകത്തെയും പാരമ്പര്യത്തെയും പഠിച്ചു പാരായണം ചെയ്യുന്നതും അസാധ്യം എന്നു ദൈവം മുൻകൂട്ടികണ്ടുകൊണ്ട്, വേദസത്യങ്ങളെ തൊട്ടുകൂടാതെയും സംക്ഷേപമായും ബഹുജനഗ്രാഹ്യമായും പ്രസംഗിച്ചു പഠിപ്പിപ്പാൻ വേണ്ടി തിരുസ്സഭയെ സ്ഥാപിച്ചിരിക്കുന്നു. തിരുസ്സഭ ഇവയെ വിശ്വാസപ്രമാണം മൂലമായും തിരുസ്സംഘങ്ങളുടെ വിധികൾ മൂലമായും വേദോപദേശം മൂലമായും പ്രസംഗം മൂലമായും വിശ്വാസികളെ പഠിപ്പിച്ചു വരുന്നു.

ഇനി വിശ്വാസത്തിന്റെ വിഭാഗം എങ്ങനെ? വിശ്വാസം ആഭ്യന്തരമായുള്ളതെന്നും ബാഹ്യമായുള്ളതെന്നും സ്പഷ്ടമായുള്ളതെന്നും അസ്പഷ്ടമായുള്ളതെന്നും ജീവനുള്ളതെന്നും നിർജ്ജീവമായുള്ളതെന്നും സത്രൂപമായുള്ളതെന്നും വിത്രൂപമായുള്ളതെന്നും ഇങ്ങനെ പല പ്രകാരം ഭാഗിക്കപ്പെട്ടുന്നു. (ക) വിശ്വാസം ബുദ്ധിയിലും ഹൃദയത്തിലും മാത്രം ഇരിക്കുമ്പോൾ ആഭ്യന്തരമായുള്ളതെന്നും വാക്കുകളാലും അടയാളങ്ങളാലും പുറത്തു അറിയിക്കപ്പെടുമ്പോൾ ബാഹ്യമായുള്ളതെന്നും ഓരോ വിശ്വാസസത്യങ്ങളെ പ്രത്യേകം തിരിച്ചറിഞ്ഞു വിശ്വസിക്കുമ്പോൾ സ്പഷ്ടമായുള്ള വിശ്വാസമെന്നും അല്ലാതെ പൊതുവായി മാത്രം വിശ്വസിക്കുമ്പോൾ അസ്പഷ്ടമായുള്ള വിശ്വാസമെന്നും വിളിക്കപ്പെടുന്നു. ഈ വിശ്വാസം പ്രമാണങ്ങളുടെ അനുസരണയോട് ചേർന്നിരിക്കുമ്പോൾ ജീവനുള്ള വിശ്വാസമെന്നും അല്ലെങ്കിൽ നിർജ്ജീവ വിശ്വാസമെന്നും ദൈവ സ്നേഹത്തോട് യോജിച്ചിരിക്കുമ്പോൾ സത്രൂപ വിശ്വാസമെന്നും ദൈവസ്നേഹം കൂടാതെ ഇരിക്കുമ്പോൾ വിത്രൂപ വിശ്വാസമെന്നും പറയപ്പെടുന്നു.

ചില വേദസത്യങ്ങളെ തിരുസ്സഭ വിശ്വസിക്കുന്നതെല്ലാം താനും വിശ്വസിക്കുന്നു എന്നിങ്ങനെ അസ്പഷ്ട വിശ്വാസത്താൽ വിശ്വസിച്ചാൽ മതി. എങ്കിലും മറ്റുചില സത്യങ്ങളെ ഇപ്രകാരം വിശ്വസിച്ചാൽ പോരാ. ഉദാഹരണമായി നല്ലവർക്ക് സമ്മാനം കൊടുക്കുന്നവനും ദുഷ്ടന്മാരെ ശിക്ഷിക്കുന്നവനും അയ ഒരു ദൈവം ഉണ്ട്. ദൈവത്തിൽ മൂന്നാളുകൾ ഉണ്ട്. രണ്ടാമാളായ പുത്രൻ മനുഷ്യാവതാരം ചെയ്തു. എന്നീ സത്യങ്ങളെ സ്പഷ്ടമായ വിശ്വാസത്താൽ വിശ്വസിപ്പാൻ ആവശ്യമാകുന്നു. ഇവ രക്ഷ പെടണമെങ്കിൽ തിരിച്ചറിഞ്ഞു വിശ്വസിപ്പാൻ കേവലം ആവശ്യകങ്ങൾ എന്നു വിളിക്കപ്പെടുന്നു. ഇനി ചില വേദ സത്യങ്ങൾ പ്രമാണത്തിന്റെ ശക്തിയാൽ പഠിച്ചറിവാൻ ആവശ്യമുള്ളവകളായി ഉണ്ട്. ഇവ പ്രമാണാവശ്യകങ്ങൾ അഥവാ ഉപകാരാവശ്യകങ്ങൾ എന്നു വിളിക്കപ്പെടുന്നു.

വിശ്വാസവും ശാസ്ത്രവും സത്യത്തെ അറിവാനുള്ള രണ്ടു മാർഗ്ഗങ്ങൾ ആകുന്നു. ഇവ രണ്ടും ദൈവത്തിൽനിന്നുതന്നെ വരുന്നു. വിശ്വാസം അഥവാ ദൈവവചനം നേരെ ദൈവത്തിൽ നിന്നു വരുന്നു. എന്നാൽ ശാസ്ത്രം നേരെ മനുഷ്യബുദ്ധിയിൽ നിന്നും, ബുദ്ധിനേരെ നിർമ്മിതമായി ദൈവത്ത

ൽനിന്നുള്ളതാകയാൽ, ശാസ്ത്രവും മനുഷ്യസ്ഥമായി ഏങ്കിലും ദൈവത്തിൽനിന്നു വരുന്നു. അതുകയാൽ സത്യസ്വരൂപിയായ ദൈവത്തിൽനിന്നു ഉത്ഭവിക്കുന്ന ഇവ രണ്ടും അന്യോന്യം, വിശ്വാസവും ശാസ്ത്രവും തമ്മിൽ വൈപരീത്യം ഒരിക്കലും ഉണ്ടാകുവാൻ പാടിയാ. ചിലപ്പോൾ പ്രഥമദൃഷ്ടിക്കു ഇവ തമ്മിൽ വല്ല യോജ്യതകേടുള്ളതായി തോന്നുവാൻ പാടില്ല എന്നില്ലതാനും. വിശ്വാസവും ശാസ്ത്രവും തമ്മിൽ വിരുദ്ധമായ രണ്ടു വ്യത്യാസമുണ്ടു്. (൧) വിഷയം സംബന്ധിച്ചു നോക്കിയാൽ ശാസ്ത്രം സ്വഭാവക്രമത്തിൽ അഥവാ പ്രകൃതിയിൽ ഉൾപ്പെട്ട സത്യങ്ങളെ വാദിക്കുന്നു. വിശ്വാസം സ്വഭാവക്രമത്തെ കവിഞ്ഞതും ചിലപ്പോൾ മനുഷ്യബോധത്തിനു രീതിയെ അഗമ്യമായുള്ളതുമായ സത്യങ്ങളെ പഠിപ്പിക്കുന്നു. (൨) നിശ്ചയം സംബന്ധിച്ചു വിശ്വാസം പഠിപ്പിക്കുന്ന സത്യങ്ങൾ ഒരിക്കലും തെറ്റിക്കൂടാത്തവയും എന്തുകൊണ്ടും ഉറപ്പുള്ളവയും ആകുന്നു. ഇതിനാൽ വിശ്വാസം പഠിപ്പിക്കുന്ന സത്യങ്ങൾ ഉറപ്പുകൊണ്ടു അചലങ്ങളായ പാറകൾക്കു തുല്യങ്ങൾ ആകുന്നു. പക്ഷേ, ശാസ്ത്രം ആവശ്യമായി തെറ്റിക്കൂടാത്തതല്ല. ഇതിനാൽ ശാസ്ത്രം പലപ്പോഴും തന്റെ വാദങ്ങളിൽ പൂർവ്വപരവിരുദ്ധങ്ങളെ പഠിപ്പിക്കുന്നതായി നാം അറിയുന്നു. ഉദാഹരണമായി പ്രകൃതി ശാസ്ത്രം വെട്ടക്കയും മിന്നലിനേയും സംബന്ധിച്ചു ഏതു വിപരീതങ്ങളായ ഉപദേശങ്ങളെയും ഉദാഹരങ്ങളെയും പഠിപ്പിച്ചിട്ടുണ്ടു്.

അതുകയാൽ എപ്പോഴും അഭേദ്യങ്ങളും കേവലം അപ്രമാദങ്ങളും ആയ സത്യങ്ങളെ പഠിപ്പിക്കുന്ന വിശ്വാസത്തെ ശാസ്ത്രം എപ്പോഴും അഭിമാനിക്കണം. ശാസ്ത്രം വിശ്വാസത്തെ എപ്പോഴും തന്റെ മാർഗ്ഗദർശകയായി കരുതണം. വിശ്വാസം പഠിപ്പിക്കുന്നതു ചിലപ്പോൾ ബുദ്ധിക്കു അത്ര സുഗ്രാഹ്യമല്ലെന്നു വരുകിലും അതു സുനിശ്ചിതമെന്നു വരുകിലും അതിനെ സ്വീകരിക്കുവാൻ എപ്പോഴും വിശ്വാസത്തെ ആദരപൂർവ്വം തന്റെ വഴികാട്ടിയായി ക്ഷണിച്ചുകൊണ്ടു ദൈവം പരിശോധനസ്ഥായി തന്നെ ഏൽപ്പിച്ചിരിക്കുന്ന പ്രകൃതി എന്ന വിസ്തീർണ്ണ വയലിനെ പരീക്ഷണം ചെയ്തിരുന്നുവെങ്കിൽ, തന്റെ വാദങ്ങൾ ഏറെ അപ്രമാദങ്ങളും സാധുക്കളും ആയിരുന്നേനെ.

.Y&92 .2 .ച

VI വി. അല്ലോൻസു ലിഗോരിയുടെ ചരിത്ര സംക്ഷേപം.

(തിരുനാൾ ചിങ്ങം ൨)

വി. അല്ലോൻസു ലിഗോരി ഇത്തല്യയിൽ നെയാപ്പോളി പട്ടണത്തിൽ ൧൬൯൬-ാം കാലം കന്നി ൧൩നു പൂവികയും കുലശ്രേഷ്ഠതയുമുള്ളതായ കുടുംബത്തിൽ പിറന്നു. താൻ കുട്ടിയായിരിക്കയിൽ ഒരു ശാസ്ത്രജ്ഞനായ പ്രാൻസീൻ ഈരാനീമ്മോസു് എന്ന വൃദ്ധദേഹം ഒരു കുട്ടിയെ കൊണ്ടു് ഈ കുഞ്ഞു തൊണ്ണൂറു വയസ്സുവരെ ജീവിക്കയും ഒരു മെത്രാനായി തിരുസ്സഭക്കു വളരെ നന്മ വരുത്തുകയും ചെയ്യുമെന്നു പറഞ്ഞു. താൻ ബാല്യംമുതൽ ഭക്തിയിലും പരിശുദ്ധതയിലും വിശേഷമായി ദൈവജനനിയുടെ നേരെയുള്ള ഭക്തിയിലും വർദ്ധിച്ചു വന്നിരുന്നു. കളിവിളയാട്ടങ്ങളെ വെറുത്തു തന്റെ പ്രവൃത്തികളിലും വചനങ്ങളിലും മറ്റുള്ളവർക്കു മാതൃകയായിരിപ്പാൻ വളരെ ശ്രമിച്ചിരുന്നു. ദിവസന്തോറും ദേവാലയത്തിൽ പൂജ, പ്രാർത്ഥന മുതലായ കർമ്മങ്ങൾക്കു മുടക്കം വരുത്താതെപോയിരുന്നു. ഇപ്രകാരമുള്ള ഭക്തിപ്രവൃത്തികളോടുകൂടെ പഠനത്തിലും വളരെ ശ്രദ്ധവെച്ചിരുന്നു. തന്റെ ബുദ്ധിവിശേഷതയും അതിശ്രദ്ധയും മുഖാന്തരം ലൌകികവും വൈദികവുമായ സക

ല ശാസ്ത്രങ്ങളിലും അഭിവൃദ്ധി പ്രാപിച്ചു തന്റെ പതിനാറാമത്തെ വയസ്സിൽ 'ശാസ്ത്രജ്ഞൻ' എന്നീ സ്ഥാനപ്പേരിന്നു യോഗ്യനായി. തന്റെ പിതാവിന്റെ താല്പര്യപ്രകാരം തന്റെ പഠനകാലം കഴിഞ്ഞശേഷം വക്കീലുദ്യോഗം നടത്തി അതിൽ വളരെ ജയവും കീർത്തിയും സമ്പാദിച്ചു. ഇങ്ങിനെ പല വഴക്കുകൾ ജയിച്ചു വരികയിൽ, അതി പ്രയാസമുള്ളതായ ഒരു കക്ഷിയുടെ ഭാഗം പിടിച്ചു അതിന്റെ തെളിവിലേക്കു വേണ്ട ന്യായങ്ങളെല്ലാം ഒരുക്കി ജയിക്കുമെന്നുള്ള ഉറപ്പോടുകൂടെ കച്ചേരിയിൽ പ്രസംഗം പറഞ്ഞിരിക്കയിൽ ഒരു സാരമായ വിഷയം വിട്ടുപോയതിനാൽ തന്റെ ന്യായങ്ങളെല്ലാം ഒർബലപ്പെട്ടതിനാൽ ഉണ്ടായ ലജ്ജയുടെ അധിക്യം കാരണം ലോകബഹുമാനത്തിന്റെ അസ്ഥിരത ഗ്രഹിക്കുന്നതിന്നു പ്രത്യേക ദൈവവെളിവാൽ ബോധം തെളിഞ്ഞു, ഉടൻ ചതിയനായ ലോകത്തെ ഉപേക്ഷിപ്പാൻ നിശ്ചയിച്ചു. ഇപ്രകാരം വീട്ടുകാരും തനിക്കു നിശ്ചയിച്ചിരുന്ന വിവാഹത്തെയും പ്രഥമപുത്രാർഹതയും ഉപേക്ഷിച്ചു പ്രേമാധിക്യമായ തന്റെ വാളിനെ മാതാവിന്റെ തൃപത്തിൻ മുമ്പാകെ തൂക്കിയിട്ടുകൊണ്ടു ദൈവശുശ്രൂഷയ്ക്കുതന്നെ മുഴുവനും കയ്യേല്പിച്ചു. ഈ സൽകൃത്യം കാരണമായി നിരോധാർത്തിരിക്കുന്നതിനു തന്റെ സംബന്ധക്കാരിൽ നിന്നും മാതാളുകളിൽ നിന്നും ഉണ്ടായ വിഘ്നങ്ങൾ അനവധിയായിരുന്നു. അവയെല്ലാം പ്രത്യേക ദൈവസഹായത്തിൽ തീർന്നു. പിന്നെ തുലാം മാസം- വൈദികവസ്ത്രം ധരിച്ചു. പിന്നെ ധനു മാസം- നാലാം വയസ്സിൽ ഗ്രഹപ്പട്ടമോടു, ഒടുവസ്തുതിയിന്മേൽ ഏർപ്പെട്ടു മാറുചില പട്ടക്കാരോടുകൂടെ ജനങ്ങളോടു പ്രസംഗിച്ചിരുന്നു. ഇതിനാൽ ആ ജനങ്ങൾക്കുണ്ടായ ജ്ഞാനോപകാരങ്ങളെ രക്ഷിതാവിന്റെ സഭയെ ഒരുപ്പെടുത്തി. ഇതിലെ സന്യാസികൾ രക്ഷിതാവിന്റെ ദിഷ്ടാന്തത്തെ അനുസരിച്ചു ജനങ്ങളോടു പ്രസംഗിച്ചു അവരെ വേദമുറകൾ പഠിപ്പിക്കുന്നതിൽ നേരം ചിലവഴിച്ചിരുന്നു. അപ്പോഴേക്കുള്ളിൽ ഈ സഭയിൽ ചേരുന്നതിന്നു താല്പര്യമുള്ളവർ അധികം ഇല്ലായിരുന്നുവെങ്കിലും ഇവരുടെ പുണ്യദിഷ്ടാന്തങ്ങളുടെ ശ്രുതി അങ്ങുമിങ്ങും പരന്നതിനാൽ, ഈ സഭയിൽ അളുകൾ വേഗത്തിൽ വർദ്ധിച്ചുവന്നു. എന്നാൽ താൻ ആത്മാവുകളെ രക്ഷിക്കുന്നതിനു തുനിഞ്ഞാകുന്ന സകല പ്രയാസവും സഹിക്കയും തന്റെ ഉത്തമദിഷ്ടാന്തങ്ങളാലും ഉപദേശങ്ങളാലും എഴുതിയുണ്ടാക്കിയ ജ്ഞാന പുസ്തകങ്ങളാലും ഇടവിടാതെ ശ്രമിക്കയും ചെയ്തിരുന്നു. പാപികൾ ശത്രുക്കളായിരുന്ന അനേകം ആളുകളെ നേർവഴിക്കു തിരിപ്പിച്ചു. ഇദ്ദേഹത്തിന്നു ദൈവജനനിയുടെ മേലുണ്ടായിരുന്ന വിശേഷഭക്തി മുഖാന്തിരം 'മാതാവിന്റെ സ്തുതിപുകൾ' എന്ന പേരോടുകൂടി ഒരു പുസ്തകം എഴുതിയുണ്ടാക്കി. ഇതുകൂടാതെ തന്റെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും ഈ അമ്മയേക്കുറിച്ചു മാറുള്ളവരിലും ഭക്തി ജനിപ്പിക്കുന്നതിന്നു വളരെ ഏർപ്പാടോടെ താല്പര്യപ്പെട്ടിരുന്നു. ഇതിനാൽ താൻ ഈ അമ്മയിൽ നിന്നു വളരെയുപകാരസഹായങ്ങൾ കൈക്കൊണ്ടു. ഒരു ദിവസം ഇദ്ദേഹം ഈ അമ്മയുടെ സ്തുതികളേക്കുറിച്ചു പ്രസംഗിച്ചിരിക്കയിൽ അവിടെയുണ്ടായിരുന്ന മാതാവിന്റെ രൂപം മുഴുവൻ പ്രകാശം വീശി അതിൽനിന്നു ചില കതിരുകൾ ഒരു വിശുദ്ധന്റെമേൽ നിന്നിരുന്നു.

താൻ ദിവ്യരക്ഷിതാവിന്റെ പാട്ടുകളെക്കുറിച്ചു ദിനംതോറും വളരെ ഏർപ്പോടെ ധ്യാനിക്കയും കുരിശിൻ വഴിയെന്ന ഭക്തികൃത്യം ദിവസേന മുടക്കംകൂടാതെ കഴിക്കയും ചെയ്തുവന്നു. ദിവ്യകാരുണ്യത്തിൻ മുമ്പാകെ അപേക്ഷിക്കയോ പൂജയണക്കയോ ചെയ്യുമ്പോൾ ദൈവസ്നേഹാഗ്നിയാൽ ഏറി

ഞ്ഞു പലപ്പോഴും പരവശമായിരുന്നു. ഇതുയേറെ പുണ്യങ്ങളെചെയ്യും ചെയ്യു ഇത്ര പരിശുദ്ധനായി ജീവിച്ചിട്ടും പലപ്രകാരത്തിലുള്ള പ്രാരബ്ധങ്ങളാൽ തന്റെ ശരീരത്തെ പീഡിപ്പിച്ചിരുന്നു. ദൈവം തന്റെ പ്രിയദാസനു ദീർഘദർശന വരവും അത്ഭുതങ്ങളെ ചെയ്വാനുള്ള വരവും മറ്റുള്ളവരുടെ ആത്മാവസ്ഥയറിയുന്നതിനുള്ള വരവും ഒരേ സമയത്തിൽതന്നെ രണ്ടു സ്ഥലത്തിൽ കാണപ്പെടുന്നതിനുള്ള വിശേഷ വരവും കൊടുത്തു. താൻ മേല്പെട്ട സ്ഥാനങ്ങളിൽ നിന്നും ഉദ്യോഗങ്ങളിൽ നിന്നും എല്ലാപ്പോഴും ഒഴിഞ്ഞു നടന്നിരുന്നെങ്കിലും, മനുഷ്യർ ക്ലേമൻസ് എന്ന ശുദ്ധ മാപ്പിപ്പായുടെ നിബന്ധനയാൽ അഗാത്തുടെ മെത്രാനായി നിയമിക്കപ്പെട്ടു. ഒരു അന്ത്യസ്സിൽവെച്ചു നോമ്പു, ഉറക്കമൊഴിച്ചൽ മുതലായ പ്രായശ്ചിത്തങ്ങളാൽ തന്നോടു തന്നെ ബഹു ക്രൂരനായിരുന്നുവെങ്കിലും, മറ്റുള്ളവരോടു വളരെ ദയയുള്ളവനായിരുന്നു. ഒരിക്കൽ നെയ്പ്പോളി പട്ടണത്തിലുണ്ടായ പഞ്ഞം കാരണം മനുഷ്യർ കഷ്ടപ്പെടുന്നതിനെ കണ്ടു തനിക്കുണ്ടായിരുന്ന സകല വസ്തുക്കളും വിറ്റു ധർമ്മംകൊടുത്തു. ഇങ്ങനെ ഒരു മഹാൻ ഒരു പട്ടക്കാരന്റെയും ഒരു സന്യാസിയുടെയും ഒരു മെത്രാന്റെയും സകല ജോലികളും കൂടങ്ങളും വഹിച്ചുമായി നിറവേറുന്നതിനോടുകൂടെ വേദശാസ്ത്ര സംബന്ധമായി മുപ്പതിലധികം പുസ്തകങ്ങളേയും എഴുതിയുണ്ടാക്കി.

കടശി പ്രായാധിക്യത്താൽ ക്ഷീണിച്ചു മെത്രാന്റെ ഭാരമായ ജോലികൾ നടത്തുന്നതിനു അശക്തനായി എന്നുകണ്ടു മരണത്തിനൊരുങ്ങുവാൻ വേണ്ടി ഒരു ജോലിയിൽ നിന്നു ഒഴിവു അപേക്ഷിച്ചു വാങ്ങി സ്വന്ത സഭയുടെ ആശ്രമത്തിൽ വന്നു വസിച്ചു നിരന്തരം പ്രാർത്ഥനയാലും അപ്പസ്തോലത്തെ അധികമധികം ശ്രദ്ധികരിച്ചിരുന്നു. ഒടുവിൽത്തോളം താൻ സ്ഥാപിച്ച സഭയ്ക്കു വേണ്ടിയും സഭയിൽ നിന്നും അനവധി ഞെരുക്കങ്ങളും ഉപദ്രവങ്ങളും സഹിച്ചുശേഷം ഏവരെ കുടുകുടെ കണ്ടു ഒരു പനിയാൽ പിടിക്കപ്പെട്ടു. ഏഴു ദിവസത്തോളം രോഗപീഡിതനായി മഹാ ക്ഷമയോടും സന്തോഷത്തോടും നോവുപീഡകളെ സഹിച്ചു ചിങ്ങമാസം മൂന്നു ഉച്ചയോടെ തന്റെ പരിശുദ്ധാത്മാവിനെ രക്ഷിതാവിന്റെ തൃക്കരങ്ങളിൽ കയ്യാളിച്ചു.

മരണശേഷം ദൈവം പല അത്ഭുതങ്ങളാൽ തന്റെ ദാസനെ മഹത്വപ്പെടുത്തിയിരുന്നു. തന്നിമിത്തം തന്റെ പുണ്യത്തിന്റെയും അത്ഭുതങ്ങളുടേയും കീർത്തി എങ്ങും പ്രബലപ്പെട്ടിരുന്നതിനാൽ തന്റെ ജീവിതവും പുണ്യങ്ങളും പുസ്തകങ്ങളും അത്ഭുതങ്ങളും ബന്ധിച്ചു മുറപ്രകാരം പരിശോധനകളും വിസ്താരങ്ങളും നടത്തി മൂന്നാം ഇടവം പന്ത്രണ്ടു മൂന്നാം ശ്രീഗോരിയാസു മാപ്പിപ്പാ തന്നെ പരിശുദ്ധരുടെ ഗണത്തിൽ ആഘോഷമായി ചേർത്തു. ഒരു ദോഹം എഴുതിയുണ്ടാക്കിയ അനവധി പുസ്തകങ്ങളും അവയിലടങ്ങിയിരിക്കുന്ന ദിവ്യ പാഠങ്ങളുടെ ശുദ്ധതയും മാഹത്വവും നിമിത്തം തിരുസ്സഭയുടെ വി. പിതാക്കന്മാരിൽ ഒരുവനായി ഗണിക്കപ്പെട്ടിരിക്കുന്നു.

ഫ്രാൻ. ഫ്രാ. പ.

V. സാക്ഷാൽ ഭക്തി.

അസൂയ (തുടർച്ച)

വി. ബെർണ്ണർദീനോസ് അസൂയയുടെ അഞ്ചു സന്താനങ്ങളെ എണ്ണിപ്പറയുന്നുണ്ട്. ക. പക. ഇതിനാൽ മനുഷ്യർ പരസ്പരം തിന്മയെ ആഗ്രഹിക്കയും നന്മയെ മുടക്കുകയും ചെയ്യുന്നു. ഖ. സന്തോഷം. ഇതിനാൽ അയൽക്കാരന്റെ കഷ്ടാരിഷ്ടതയിൽ സന്തോഷിക്കുന്നു. ന. ദുഃഖം. ഇതിനാൽ

അയൽക്കാരന്റെ ഭാഗ്യത്തിലും ശ്രേഷ്ഠതയിലും ക്ലേശിക്കുന്നു. ൪. പിറുപിറുപ്പു. ഇതിനാൽ അയൽക്കാരനു വിരോധമായി രഹസ്യത്തിലും അവൻ കേൾക്കാതെയും കാര്യമായി സംസാരിക്കുന്നു. ൫. അപവ്യാതി. ഇതിനാൽ അയൽക്കാരനു വിരോധമായി പരസ്യമായും അവൻ കേൾക്കയും ദുരുക്തി പറയുന്നു. ഈ നാശകര സന്താനങ്ങളെ ജനിപ്പിക്കുന്ന അള്ളയായ അസൂയയെ ഏത്ര വെറുത്തു ദ്വേഷിക്കേണ്ടതാകുന്നുവെന്നു ഗ്രഹിപ്പിൻ. നാശകര ഫലങ്ങളെ പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളെ വെട്ടി തീയിലിട്ടു ചുട്ടുകളവാൻ നമ്മുടെ ദിവ്യരക്ഷിതാവു ഉപദേശിക്കുന്നില്ലയോ? (മത്തായി൩. ൧൦)

നരവൈരിയായ പിശാചു അസൂയയാൽ മനുഷ്യരെ ദൈവത്തിന്റെ വിരോധികളും ഏതുകക്ഷികളുമാക്കി തന്നോടു മത്സരിച്ചു യുദ്ധം ചെയ്യുന്നതിനുള്ള ഒരു നരകസേനയെ ഉണ്ടാക്കുന്നുവെന്നു പറയാം. എങ്ങിനെയെന്നാൽ സകലനന്മ സ്വതുപിയായ ദൈവം ദുഷ്ടരുടെമേൽ ക്രോധവും തന്റെ ആദിത്യനെ ഉദിപ്പിക്കയും (മത്താ. ൫. ൪൫) മഴ പെയ്യിപ്പിക്കയും അവക്കുപകാര സഹായങ്ങൾ ചെയ്കയും തിന്മയിൽ നിന്നു നന്മ പുറപ്പെടുത്തുകയും ചെയ്യുമ്പോൾ, അസൂയക്കാർ നേരെമറിച്ചു, നല്ലവരെ ക്രോധവും ഉപദ്രവവിക്കയും നന്മയിൽ നിന്നു തിന്മ പുറപ്പെടുത്തി ദൈവത്തിന്നു പ്രതിക്രിയിക്കയും ചെയ്യുന്നു. നല്ലവർ ശേഷംപേർ ചെയ്യുന്ന തിന്മകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും നന്മ വരുത്തുന്നപോലെ അസൂയക്കാർ ശേഷംപേരുടെ നന്മയുപകാരങ്ങളിൽ നിന്നു ക്രോധവും തിന്മ പുറപ്പെടുത്തുവാൻ ഒരുങ്ങിയിരിക്കുന്നു.

അസൂയക്കാർ ദുഷ്കർമ്മങ്ങളാൽ ദുഷ്ടനായ വി. യോഹന്നാൻ ക്രിസോസ്തോമോസു പഠിപ്പിക്കുന്നു. അതെന്തു, ദുഷ്കർമ്മങ്ങൾ അവസ്സ ഇരകിട്ടാതെ വരുമ്പോഴും ഉപദ്രവിക്കപ്പെടുമ്പോഴും മാത്രമെ ശേഷംപേരെ ഉപദ്രവിക്കയുള്ളു. അസൂയക്കാരരോ എന്നാൽ തങ്ങൾക്കു യാതൊരുപദ്രവവും നഷ്ടവും വരാഞ്ഞപ്പോൾ ക്രോധവും അയൽക്കാരനെ ഉപദ്രവിക്കുന്നു. എന്നു മാത്രമല്ല, പരഭാഗ്യം തന്റെ നിർഭാഗ്യവും പരനിർഭാഗ്യം തന്റെ ഭാഗ്യവുമായി വിചാരിക്കുന്ന അസൂയക്കാരൻ പിശാചിനെക്കാൾ ദുഷ്ടനാകുന്നുവെന്നു പ്രസ്തുത വേദപാരഗൻ തന്നെ പറഞ്ഞിരിക്കുന്നു. സ്വായമെന്തെന്നാൽ പിശാചു തന്റെ സമസ്യഷ്ടികളായ മറ്റു പിശാചുക്കൾ മനുഷ്യനാശത്തിന്നായി ചെയ്യുന്ന ദുരാലോചനകളും തന്ത്രങ്ങളും സാഫല്യീകരിക്കുന്നതു കാണുകയിൽ അനുമോദിക്കയും നിഷ്ഫലമാകുമ്പോൾ സഹതപിക്കയും ചെയ്യും. എന്നാൽ അസൂയക്കാരൻ തന്റെ സമസ്യഷ്ടികളും സഹോദരതുല്യമായ മനുഷ്യരുടെ സൽകൃത്യങ്ങൾ അനുകൂലപ്പെടുമ്പോൾ ദുഃഖിക്കയും പ്രതിക്രിയിക്കുമ്പോൾ സന്തോഷിക്കയും ചെയ്യുന്നു.

ഇതുമല്ല ഇവരുടെ ദുഷ്കൃത അസൂയക്കാരൻ തനിക്കു വല്ല തിന്മ നേരിട്ടാലും മോശമില്ല, അതും അതിലധികവും അയൽക്കാരനു നേരിടുവാൻ ആഗ്രഹിക്കുന്നു. ഇതിന്നു സാക്ഷിയായി ഒരു സംഭവം കൂടെ കാണിക്കാം. സിച്ചീല്യായിൽ ഒരു ക്രിസ്തവിന്നു രണ്ടു ദാസന്മാരുണ്ടായിരുന്നു. ഇവരിൽ ഒരുത്തൻ അത്യന്ത ഗ്രാഹിയും മറവൻ അസൂയക്കാരനുമായിരുന്നു. ഒരു ദിവസം ക്രിസ്തൻ തന്റെ അരമന ഉദ്യോഗസ്ഥന്മാരോടുകൂടെ ഉല്ലസിച്ചിരിക്കയിൽ കളിവിനോദത്തിന്നായി മേല്പറഞ്ഞ രണ്ടു ദാസരേയും വിളിച്ചു അവരുടെ ശ്രേഷ്ഠതയെ സ്തുതിച്ചുകൊണ്ടു അരിന്ന പ്രീതിസമ്മാനമായി ഏതെങ്കിലും ചോദിച്ചാൽ കൊടുക്കാമെന്നും, ആദ്യം ചോദിക്കുന്നവനു കിട്ടുന്നതിലിരട്ടി മറവനു കിട്ടുമെന്നും പറഞ്ഞു. അപ്പോൾ അത്യഗ്രഹി താൻ ആദ്യം ചോദിച്ചാൽ അധികം കിട്ടുകയില്ലല്ലോ എന്നു വിചാരിച്ചു മിണ്ടാതെ നിന്നിരു

ന്നു. അസൂയക്കാരനും താൻ ആഗ്രഹിച്ചാൽതനിക്കു കിട്ടുന്നതിലധികം മറവനുകിട്ടുമെന്നു കരുതി മൌനമായി നിന്നിരുന്നു. ഇങ്ങനെ അവൻ ചോദിക്കട്ടെ, മാറവൻ ചോദിക്കട്ടേ എന്നുവച്ചു ഇരുവരും മിണ്ടാതെ നിൽക്കയിൽ കായ്ക്കുതീർച്ചക്കായി പ്രഭു അസൂയക്കാരനോടു ആഗ്രഹം ചോദിച്ചുകൊൾവിച്ചു. അവൻ തനിക്കു ഒന്നും കിട്ടിയില്ലെങ്കിലും മോശമില്ല. കൂട്ടനു ഒന്നും കിട്ടരുതു എന്നു വിചാരിച്ചിരുന്നെങ്കിൽ അതു വലിയ ദുഷ്ടതയായി നാം കരുതിയേനെ. എന്നാൽ അവന്റെ ദുഷ്ടത ഇതിലും മേല്പെട്ടതായിരുന്നു. എന്തെന്നാൽ തനിക്കു വല്ല നാശംവന്നാലും മോശമില്ല; കൂട്ടനു അതിലധികം നാശം വരുമല്ലോ എന്നു കരുതി ഞാൻ ഒരു നല്ലവസ്ത്രത്തെയോ നല്ല കുതിരയേയോ പറമ്പുനിലത്തെയോ വലിയ പണത്തുകയേയോ ചോദിച്ചാൽ അതിലിരട്ടി കൂട്ടനു കിട്ടും. ഇതുകണ്ടു ഞാൻ എങ്ങിനെ സഹിക്കും? അതുകൊണ്ടു നല്ലവഴികണ്ടിട്ടുണ്ടു എന്നു പറഞ്ഞു പ്രഭുവിന്റെ നേരെ തിരിഞ്ഞു നാഥനെ! അവിടത്തേക്കു ഞാൻ ചെയ്യുശുശ്രൂഷയ്ക്കു പ്രതിസമ്മാനമായി എന്റെ ഒരു കണ്ണു മുഴന്നുകളയാം. പക്ഷേ എന്റെ കൂട്ടന്റെ ഇരുകണ്ണുകളും മുഴന്നുകളയുമല്ലോ എന്നു പറഞ്ഞു. ഇതുകേട്ടു എല്ലാവരും ഒരു അസൂയക്കാരന്റെ ഭയങ്കര ദുഷ്ടതയിന്മേൽ അതിശയിച്ചു. പിന്നെ എന്തു സംഭവിച്ചുവെന്നു അറിവില്ല. എങ്കിലും ഈ ദുഷ്ടന്റെ അപേക്ഷയുടെ അസാദ്ധ്യം നിരവേറി. മറവനു തക്ക സമ്മാനം കൊടുത്തു വിട്ടിരുന്നെങ്കിൽ ഒട്ടും അനീതിയാകയില്ലെന്നു വേണം പറവാൻ. അതു ശേഷം അസൂയക്കാരൻ ഒരു പാഠമാകുമായിരുന്നു.

ഓ! സാക്ഷാൽ ഭക്തപ്രിയരേ അസൂയയുടെ ദുഷ്ടത എത്രത്തോളം ചെന്നെത്തുമെന്നു ഗ്രഹിച്ചുകൊൾവിൻ. എന്നാലിതു സാധാരണ സംഭവിക്കുന്നതല്ലയോ? അൽക്കാരന്റെ കൃഷിനന്നാകുന്നു, കച്ചവടത്തിൽ നല്ല ലാഭംകിട്ടുന്നു, തോട്ടത്തിൽ നിന്നു നല്ല ആദായംകിട്ടുന്നു, സ്ത്രീധനം, അവകാശം, നിക്ഷേപം കിട്ടുന്നുവെന്നു കണ്ടു സഹിക്കാൻ മേലാതെ അവനു അതു നഷ്ടമാക്കിക്കളവാൻ വേണ്ടി അവന്റെമേൽ വ്യവഹാരവും വഴക്കുകളും മാറുമാറോ രാക്രിതിമങ്ങളും വകഞ്ഞുകെട്ടിയുണ്ടാക്കി അന്യർക്കു അനാവശ്യനാശങ്ങൾ വരുത്തുന്നവർ എത്രപേരുണ്ടായിരിക്കുന്നു? അപ്രകാരം തന്നെ എത്രയാളുകൾ തങ്ങൾക്കു വല്ല നഷ്ടം വരുമ്പോൾ അയൽക്കാരനും അതിനഷ്ടവും അതിലധികവും വരുവാൻ അഗ്രഹിച്ചു ഉറങ്ങാതെ ഉറക്കുമില്ലാതെ അതിനു ശ്രമിച്ചു നടക്കുന്നു? അയ്! ഇതു സാക്ഷാൽ ഭക്തിക്കു എത്രയോ പ്രതിക്രിയിക്കുന്നു? നമ്മുടെ കർത്താവു തന്റെ അനുഗാമികൾക്കു നിശ്ചയിച്ചിരിക്കുന്ന ചിഹ്നമായ പരസ്നേഹത്തിനു എത്രയും പോരാത്തതാകുന്നു. ആകയാൽ അസൂയയെ അശേഷം വെറുത്തുപേക്ഷിപ്പിൻ.

VI. കൃതജ്ഞത.

(തുടർച്ച.)

സ്രഷ്ടാവായ ദൈവത്തിൽനിന്നു നാം കൈക്കൊണ്ട സഹായോപകാരങ്ങളെക്കുറിച്ചു സ്തോത്രംചെയ്യാനുള്ള മുഖ്യന്തരങ്ങളെപ്പറ്റി പ്രസ്താവിച്ചതിന്റെ ശേഷം അതിനാലുള്ള പ്രയോജനത്തേയും സ്തോത്രം ചെയ്യേണ്ടുന്ന വിധങ്ങളേയും കുറിച്ചു സ്വല്പമെങ്കിലും പറയുന്നതുയുക്തമെന്നു വിചാരിക്കുന്നു.

കൈക്കൊണ്ട സഹായോപകാരങ്ങളെ ഓർമ്മിക്കുന്നതും അവയെക്കുറിച്ചു സ്തോത്രംചെയ്യുന്നതും ഏറ്റം വലുതായ സഹായോപകാരങ്ങളെ പ്രാപിക്കുന്നതിനു ഏറ്റം എളുപ്പമായ മാർഗ്ഗമെന്നു മഹാത്മാക്കളെല്ലാവരും പഠിപ്പിക്കുന്ന സത്യമാണ്. ഈ സത്യം സുബോധമു

ള്ള സകലരും സമ്മതിക്കുന്നതുമാണ്. എന്തെന്നാൽ കൈക്കൊണ്ട സഹായോപകാരങ്ങളെക്കുറിച്ചു കൃതജ്ഞതയുള്ളവരെ നാമും സ്നേഹിക്കയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിനു സഭാവംതന്നെ നമ്മെ നിർബന്ധിക്കയും ചെയ്യുന്നു. മുൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ദൈവത്തിനു നമ്മുടെ ആരാധന വണക്കവും സ്തോത്രവും കൊണ്ടു യാതൊരാവശ്യവുമില്ല. എന്നാൽ അങ്ങനെ അവയെ നമ്മിൽനിന്നു ആഗ്രഹിക്കുന്നതും അവയെ ചെയ്യണമെന്നു കല്പിക്കുന്നതും നമ്മുടെ ഭാഗ്യത്തിനും നന്മക്കും നാം വലുതായ സഹായോപകാരങ്ങളെ കൈക്കൊള്ളുന്നതിനു പാത്രീഭവിക്കുന്നതിനും വേണ്ടിയാണ്. എന്തെന്നാൽ നദികളിലെ ജലങ്ങൾ പുറപ്പെട്ട സ്ഥലത്തിലേക്കുതന്നെ മടങ്ങിച്ചെല്ലുന്നതിനാൽ വീണ്ടും പിന്തിരിഞ്ഞു വരുന്നപ്രകാരം പ്രാപിച്ച സഹായോപകാരങ്ങളെ ഓർമ്മിച്ചു ദൈവത്തോടു കൃതജ്ഞതയായിരുന്നാൽ നവമായ സഹായങ്ങളെ പ്രാപിപ്പാൻ പാത്രതയുള്ളവരാകുമെന്നു വേദപുസ്തകം സാക്ഷിക്കുന്നു.

തോട്ട, നദി മുതലായവകളിലെ ജലങ്ങളൊക്കയും ഓരോ വഴിയായി സമുദ്രത്തിലേക്കു മടങ്ങിച്ചെന്നിരുന്നാലും സമുദ്രം ആ ജലത്തെ അവിടെ നിറുത്താതെ ഏതാനും വഴിയായി അതിനെ തിരികെ അയക്കുന്നതുപോലെ സർവ്വേശ്വരനും പ്രാപിച്ച മനോഹരങ്ങളെ കൃതജ്ഞതയോടു ഓർമ്മിച്ചു സ്തോത്രംചെയ്യുന്നവർക്കു വീണ്ടും സഹായങ്ങളെ ധാരാളമായി ചെയ്യുന്നുവെന്നു വി. ബസ്സീൽ എന്ന വേദപാരഗൻ അരുളിച്ചെയ്യുന്നു. വി. ദാവീദു പ്രഭാതശ്രീരൻ-ാം സങ്കീർത്തനത്തിൽ ദൈവത്തിന്റെ വാക്യങ്ങളായി അരുളിച്ചെയ്യുന്നതെങ്ങനെയെന്നാൽ: ഞാൻ കാട്ടുമൃഗങ്ങളുടെ മാംസത്തെ ഭക്ഷിക്കുന്നില്ല, മുട്ടാടുകളുടെ രക്തത്തെ പാനം ചെയ്യുന്നില്ല. നീ ദൈവത്തിനു സ്തോത്രത്തെ ബലിയായി സമർപ്പിക്ക. ഇതിന്റെ സാരാർത്ഥം. ദൈവത്തിനു ബലി മൃഗങ്ങളെക്കൊണ്ടും, കാഴ്ചകളെക്കൊണ്ടും യാതൊരാവശ്യമില്ലെങ്കിലും നമ്മുടെ വണക്കവും സ്നേഹവും കൃതജ്ഞതയും പ്രദർശിപ്പിക്കുന്നതിനായി അവയെ ചെയ്യണമെന്നാണ്.

നാം ദൈവത്തിനു ഏതെങ്കിലും വസ്തുക്കളെ കാഴ്ച കൊടുക്കണമെന്നും കടമുള്ള ദിവസങ്ങളെ ആചരിക്കണമെന്നും, ഉപവാസവും മാംസവർജ്ജനവും മറ്റും അനുസരിക്കണമെന്നും മറ്റുമുള്ള കല്പനകളൊക്കയും സ്വയാർത്ഥമായ ദൈവത്തിന്റെ നേരെ നമുക്കുണ്ടാകേണ്ടതായ ഭക്തിസ്നേഹത്തെയും കൃതജ്ഞതയേയും സാക്ഷിക്കുന്നതിനായിട്ടല്ലാതെ ദൈവത്തിനു അവയെകൊണ്ടു യാതൊരാവശ്യമില്ല. അതിനാൽ ദൈവപ്രമാണങ്ങളുടെയും തിരുസ്സഭയുടെ കല്പനകളുടേയും പ്രധാന അന്തരം നമ്മുടെ പ്രയോജനത്തെയും ദൈവത്തോടു നമുക്കുണ്ടാകേണ്ടുന്ന നമ്മുടെ കൃതജ്ഞതയേയും ഉദ്ദേശിച്ചിട്ടുള്ളതെന്നു സ്പഷ്ടമായ സംഗതിയാണ്. ഇതുമുഖാന്തരം നമ്മുടെ ഭക്തികൃത്യങ്ങളൊക്കയും ദൈവമനോഹരങ്ങളേയും സഹായങ്ങളേയും ചിന്തിച്ചുകൊണ്ടു നിരവേറേണ്ടതായിരിക്കുന്നു. സ്നേഹവും കൃതജ്ഞതയുമുള്ളവൻ ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും സാരപ്പെട്ടതായി മതിക്കയും പ്രയാസംകൂടാതെ അനുസരിക്കയും അതിനാൽ ഇഹത്തിലും പരത്തിലും അനവധി ദൈവസഹായങ്ങൾക്കു പാത്രീഭവിക്കയും ചെയ്യും.

ദണ്ഡവിമോചന തിരുസ്സംഘത്തിന്റെ ഒരു ദേക്രേത്ത്.

വിശ്വാസികൾ ദൈവേഷ്ട പ്രസാദത്തോടും ചൊവുള്ള നിയോഗത്തോടും

കൂടി ദിനം പ്രതി ശുദ്ധ. കുർബ്ബാന കൈക്കൊണ്ടു വരുന്ന സ്തുതിയർഹവും ദൈവത്തിന്നു ഏറ്റം പ്രസാദകരവും ആയ അതു സുകൃതമാം നാൽക്കുനാൽ സ ഫലമായി പ്രസരിച്ചു ഏറ്റം ധാരാള മായ സുകൃത ഫലങ്ങളെ ചെയ്യണമെ ന്നുള്ളതു നമ്മുടെ പരിശുദ്ധ പിതാവാ യ പരമാം പീയൂസ് മാപ്പാപ്പാ തിരുമ നസ്സുകൊണ്ടു അത്യന്തം അഗ്രഹിക്കുന്ന ഒരു സംഗതിയാണു. അതുകയാൽ ഇതു സംബന്ധമായി പലരുടെയും അപേക്ഷ കളെ അത്യന്ത കർദ്ദിനാൾ "കസ്പീ രൊ ജെന്നാരി" എന്ന ദേഹം തിരുമ നസ്സിൽ സമർപ്പിച്ചാറെ വിശുദ്ധ പിതാ വു അതു സദയം സ്വീകരിക്കയും പ്രസ്തു ഭക്തിമാരെ അചരിച്ചു വരുന്നവ ക്കും മേലാൽ അചരിപ്പാൻ മനസ്സുള്ള വക്കും പ്രത്യേക മനോഗുണം കല്പിച്ചരുളുകയും ചെയ്തു.

എന്നാൽ സ്തുത്യസ്മരണീയനായ "പതിമൂന്നാം ക്ലെമേൻസ്" മാപ്പാപ്പാ എന്നേക്കുമാക്കു ധനുവമാസം ൯൯൯-ാം തിരുസംഘം വഴിയായി കല്പിച്ചരുളിയ തെക്രേത്തിൽ അരുളിച്ചെയ്തതായതു: "അടക്കലടക്കലുള്ള കുമ്പസാരം കൊണ്ടു ആത്മ ശുദ്ധീകരണം പ്രാപിപ്പാനുള്ള താല്പര്യത്തോടുകൂടി ന്യായമായ വിഘ്നം ഇല്ലാത്തപ്പോൾ, ആഴ്ചയിൽ ഒരിക്കലെങ്കിലും പതിവായി കുമ്പസാരിക്കയും ഒടുവിലത്തെ കുമ്പസാരം കഴിഞ്ഞിട്ടു യാതൊരു ചാവുദോഷത്തിലും വീണിട്ടില്ലായെന്നു മനസ്സാക്ഷിയുണ്ടായിരിക്കുകയും ചെയ്യുന്ന എല്ലാ സത്യവിശ്വാസികൾക്കും, പേരെ കുമ്പസാരം കൂടാതെ ഏതൊരു ദണ്ഡവിമോചനങ്ങളും ലഭിക്കാവുന്നതായി ടി. ശുദ്ധ. മാപ്പാപ്പാ അനുമതി നൽകിയിരിക്കുന്നു. എങ്കിലും സാമാന്യമൊ അസാമാന്യമൊ ആയ "ജൂബിലേവി"ന്റെ ദണ്ഡവിമോചനങ്ങളും ജൂബിലേവിന്റെ വിധത്തിൽ നൽകപ്പെടുന്ന ദണ്ഡവിമോചനങ്ങളും സംബന്ധിച്ചു യാതൊന്നും നവീകരിക്കുന്നില്ല. എന്തെന്നാൽ ഈവക ദണ്ഡവിമോചനങ്ങളെ ലഭിക്കുന്നതിനു മാറു പുണ്യപ്രവൃത്തികളെപ്പോലെ കുമ്പസാരവും നിശ്ചയിക്കപ്പെട്ട കാലത്തിൽ നിവേറേണ്ടതാണു."

എന്നാൽ ഇപ്പോൾ ദൈവേഷ്ടപ്രസാദത്തോടും ശരിയായ നിയോഗത്തോടും കൂടെ ദിവസത്തോറും ദിവ്യകാരുണ്യം ഉൾക്കൊള്ളുക പതിവായിരിക്കുന്നവർ ആഴ്ചയിൽ ഒന്നൊ രണ്ടൊ പ്രാവശ്യം ദിവ്യകാരുണ്യം ഉൾക്കൊണ്ടില്ലെങ്കിലും അതു ആഴ്ചയിൽ വരുന്ന ദണ്ഡവിമോചനങ്ങളെ ലഭിക്കുന്നതിനു, ആഴ്ചതോറുമുള്ള കുമ്പസാരകടം കൂടാതെ പാട്ടള്ളതായി പരിശുദ്ധ പിതാവു പരമാം പീയൂസ് മാപ്പാപ്പാ അനുമതി നൽകിയിരിക്കുന്നു.

ഈ അനുമതി എല്ലാപ്പോഴത്തേക്കും നിലനിൽക്കുന്നതായി തിരുമനസ്സുകൊണ്ടു തന്നെ പ്രസ്താവിച്ചിട്ടുണ്ടു.

൧൯൨൫. റോമ്മായിൽ ദണ്ഡവിമോചനങ്ങളുടെയും തിരുശ്ശേഷിപ്പുകളുടേയും തിരുസംഘത്തിന്റെ സെക്രട്ടറി അപ്പീസിൽ നിന്നും ൧൯൨൫ കുംഭം ൨൭.

ജ്ഞാപനം— ൦൦൦ തെക്രേത്തിന്റെ താല്പര്യം ദൈവേഷ്ടപ്രസാദത്തോടെ ഇരിക്കുന്നവർക്കു കല്പിക്കപ്പെട്ട കുമ്പസാരം കൂടാതെ ആഴ്ചയിൽ വരുന്ന എല്ലാ ദണ്ഡവിമോചനങ്ങളും ലഭിക്കാമെന്നാണു. "ജൂബിലേവി"ന്റെ സംഗതി മാത്രമെ ഒഴിച്ചിട്ടുള്ളു.

൧൯൨൫. ൨൭. ൦൦൦

VIII ക. ദി. ൟ. സഭയുടെ പൂർണ്ണാംശീകരണം.

കർമ്മേലീത്താ ദിസ്കാൾസ് മൂന്നാം സഭ ഈ നാട്ടിൽ സ്ഥാപിക്കപ്പെട്ടിട്ടു അമ്പതു വത്സരങ്ങൾ തികഞ്ഞപ്പോൾ അതിന്റെ സപ്തതിജൂബിലി കഴിഞ്ഞ ഡിസമ്പർ മാസത്തിൽ മാതുകൊവേന്തയായ മന്നാനത്തുവച്ചു വലിയ അ

മോഷപൂർവ്വം നടന്ന വിവരം ഈ പംക്തികളിൽ വിവരിക്കപ്പെട്ടിരുന്നതു വായനക്കാർ വിസ്മരിച്ചിട്ടില്ലായിരിക്കുമെന്നു കരുതുന്നു. എന്നാൽ ഇപ്പോൾ ഈ സഭ വിശേഷ ദൈവകൃപയാലെ തിരുസിംഹാസനത്തിൽ നിന്നു എന്നേക്കുമുള്ള പൂർണ്ണാംഗീകരണം പ്രാപിച്ചിരിക്കുന്നുവെന്ന സന്തോഷപൂർവ്വം ഏവരേയും അറിയിച്ചുകൊള്ളുന്നു. ഇതിനു മുമ്പിൽ പരീക്ഷണാർത്ഥം ആറാണ്ടത്തെ അവധി വച്ചു മൂന്നു പ്രാവശ്യം അംഗീകരിക്കപ്പെട്ടു. ഈ കഴിഞ്ഞ മാർച്ചുമാസം ൨൨-ാം കിഴക്കീത്തു സംബന്ധമായ പ്രോപ്പഗാന്ത് തിരുസംഘത്തിന്റെ മെമ്പന്മാരായ അത്യുന്നത കർദ്ദിനാളന്മാരുടെ പൊതുയോഗത്തിൽ വച്ചു ഈ സഭയുടെ 'റെഗുള' ന്യായപ്രമാണങ്ങൾ വീണ്ടും പരിശോധിക്കപ്പെടുകയും സ്വല്പ ഭേദഗതികളോടുകൂടെ (Definitive) നിത്യമായിട്ടു ഉറപ്പിക്കപ്പെട്ടുകയും ചെയ്തു. ഈ അംഗീകരണം വത്തിക്കാനിലെ പാപ്പാ തിരുമനസ്സുകൊണ്ടു സ്ഥിരപ്പെടുത്തി സഭയ്ക്കു തെക്രേത്തു് അയപ്പാൻ കല്പിച്ചു. സപ്തതി ജൂബിലി അവസരത്തിൽ സ്വന്ത കൈപ്പടയായി സഭയ്ക്കു എഴുതി അയച്ചിട്ടുള്ള ആശീർവ്വാദത്തിൽ തിരുമനസ്സുകൊണ്ടു് ആശംസിച്ചിരിക്കുന്ന ഭാഗ്യങ്ങളിൽ മുഖ്യമായ ഒന്നു് ഈ സ്ഥിരമായ അംഗീകരണത്താൽ അവിടുന്നു തന്നെ നിവർത്തിച്ചു തന്നിരിക്കുന്നതിൽ സഭക്കാർ വളരെ കൃതജ്ഞതയായിരിക്കുന്നു. ആജ്ഞാനുസരണം കഴിഞ്ഞ മെയിമാസം ൨൨-ാം എഴുതപ്പെട്ട അംഗീകരണത്തെക്രേത്തു കർമ്മേലമാതാവിന്റെ തിരുനാളിനു ആസന്നപ്രായമായ നവനാൾ ജപദിവസങ്ങളിൽ സകലത്തെ ആശ്രമവാസികൾ പത്തുദിവസത്തെ മുഴുവൻധ്യാനം കഴിച്ചു വന്നപ്പോൾ ഇവിടെ വന്നുചേർന്നു. ദൈവം ക. ദി. മു. സഭയ്ക്കു ചെയ്തിരിക്കുന്ന ഈ വലിയ നന്മയ്ക്കു് ഉപകാരസ്മരണയായി ഈ മാസം ൨൫-ാം കർമ്മേല മാതാവിന്റെ തിരുനാളിൽ എ. പെ. ബ. പ്രിയോർ ജനറാൾ അവർകളുടെ ആജ്ഞാനുസരണം കൊവേന്തപ്പള്ളികളിലൊക്കെയിലും സന്യാസികൾ ﻟﻚ ﺍﻟﺤﻤﺪ (തെ ദേവും) എന്ന സംഗീതം ആഘോഷമായി പാടുകയുണ്ടായി. ഇപ്പോൾ സ്ഥിരമായി ഉറപ്പിക്കപ്പെട്ട 'റെഗുള' ന്യായപ്രമാണങ്ങൾ പ്രോപ്പഗാന്ത തിരുസ്സംഘത്തിന്റെ പ്രസ്സിൽ അച്ചടിക്കപ്പെട്ടുന്നുവെന്നും ഏതാനും ദിവസങ്ങൾക്കകം പെ. ബ. പ്രിയോർ ജനറാൾ അവർകൾക്കു നേരെ തന്നെ പുതിയ പുസ്തകങ്ങൾ അയച്ചു തരുന്നതാണെന്നും ടി. തിരുസംഘ തലവനായ അത്യുന്നത ഗോത്തിക്കർദ്ദിനാൾ അറിയിച്ചിരിക്കുന്നു.

(Deo Gratias.)

ലോകാവസ്ഥമാനച്ചുരുക്കം.

മരണം.

ചങ്ങനാശ്ശേരി മിസ്സത്തിന്റെ ആലോചനക്കാരിൽ ഒരാളായ പുന്നത്തുപള്ളി ഇടവക ബ. പള്ളിക്കുന്നേൽ ഉത്തുപ്പച്ചൻ അവർകൾ അന്ത്യകൂദാശകളൊക്കെയും കൈക്കൊണ്ടു തന്റെ ൭൪-ാമത്തെ വയസ്സിൽ കഴിഞ്ഞ ജൂൺമാസം ൨൩-ാം ചരമഗതിയെ പ്രാപിച്ചിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു. ഇദ്ദേഹം മുമ്പിൽ ബ്രഹ്മമംഗലത്തു സെമിനാരിയുടെ മല്പാനായിരുന്നും മറും ജനസമ്മതിയെ പ്രാപിച്ചിട്ടുള്ള ഒരാളാണു്.

മാപ്പിപ്പാ തിരുമനസ്സിലെ പ്രതിപുരുഷനായി ലിസ്ബനിൽ (പോർട്ടുഗൽ) ഇരുന്ന മഹാദിവ്യശ്രീ മൊൺസിഞ്ഞോർ ജോസഫ് മാക്കി അവർകൾ തന്റെ ൭൮-ാമത്തെ വയസ്സിൽ കഴിഞ്ഞ ജൂൺ ൨൨-ാം പരലോകപ്രാപ്തനായി എന്നു് അറിയുന്നതിൽ വ്യസനിക്കുന്നു.

തിച്ചൂർ മിസ്സ്യനിൽ നിന്നും കോയമ്പത്തൂർ രൂപതയിലേക്കു ഇടക്കാലത്തു ചേർക്കപ്പെട്ട മേലാർകോട്ട പള്ളി ഇടവക ബ. മഞ്ഞളി അന്തോനികുത്തുമാരവർകൾ ജൂൺ മാസം ൧൦൯൯- പാലക്കാട്ട ആസ്പത്രിയിൽവച്ചു പ്രമേഹരോഗത്താൽ അന്ത്യക്രിയാശകളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു.

പൂവരണിപ്പള്ളി ഇടവക ബ. പൂവത്തുങ്കൽ അബ്രാഹം കത്തനാർ അവർകൾ കഴിഞ്ഞ മാസം ൨൩൯- അന്ത്യക്രിയാശകളൊക്കയും കൈക്കൊണ്ടു. പള്ളിയിൽ വച്ചു മരിച്ചുപോയിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു. ഇദ്ദേഹം കുറേനാളായി പ്രമേഹരോഗബാധിതനായി കിടപ്പിലായിരുന്നു.

പാലാ വലിയപള്ളി ഇടവകയിൽ വായിമറ്റത്തു ബ. ദേവസ്യാക്കുത്തനാരവർകൾ കഴിഞ്ഞ ജൂൺ ൨൦-൦൯- ശനിയാഴ്ച അന്ത്യക്രിയാശകളൊക്കയും കൈക്കൊണ്ടു സുഖമരിയെ പ്രാപിച്ചിരിക്കുന്നതായി അറിയുന്നു.

അമ്പഴക്കാട്ട കൊവേന്തയിലേക്കു വല ഉപകാരങ്ങളും ചെയ്തിട്ടുള്ള ധർമ്മിഷ്ൻ കണിച്ചായിൽ കുളപ്പുരക്കൽ ഇട്ടപ്പു ഔസേപ്പു അവർകൾ ഉദരവ്യാധിയാൽ ഏറണാകുളത്തുവച്ചു കഴിഞ്ഞ മാസം ൯൯- അന്ത്യക്രിയാശകളൊക്കയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നതായറിയുന്നു.

ഇവർക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

ഇൻഡ്യാ വൈസ്രായി ആയിരുന്ന കഴ്സൺപ്രഭു അവർകളുടെ പത്നി കഴിഞ്ഞമാസം ൨൬൯- മരിച്ചുപോയിരിക്കുന്നു.

ബ്രദർ മൊഛീനി എന്ന പ്രസിദ്ധപ്പെട്ട ഇറ്റാലിയൻ മിശ്രൻ തുടങ്ങിയതും അദ്ദേഹത്തിന്റെ മരണം നിമിത്തം മുഴുവനാകാതെ കിടക്കുന്നതുമായ കൊച്ചീ സാൻറാക്രൂസ് പള്ളിയിലെ ചിത്രവേല പൂർത്തിയാക്കുന്നതിനായി ഇറ്റാലിയിൽ നിന്നും വേറൊരാളെ വരുത്തുന്നതിനു നി. വ. ദി. ശ്രീ കൊച്ചീ രൂപതയുടെ മെത്രാനവർകൾ ഏർപ്പാട്ടു ചെയ്തിരിക്കുന്നതായി കാണുന്നു.

൨൭ മാസം ൧൯൯- കഴിഞ്ഞാൽപിന്നെ ചെമ്പുകൊണ്ടുള്ള നാണയം ബ്രിട്ടീഷ് ഇൻഡ്യയിൽ ഉണ്ടാക്കപ്പെട്ടുന്നതല്ലെന്നും ചെമ്പും മറ്റു ചില ലോഹങ്ങളും കൂട്ടി ഉരുക്കി ഉണ്ടാക്കപ്പെട്ടുന്ന ബ്രോൺസ് എന്ന ലോഹംകൊണ്ടു അരപൈസാ ഒരുപൈസാ മുതലായ നാണയങ്ങൾ ഉടനെ ഉണ്ടാക്കപ്പെട്ടുന്നതാണെന്നും ഇൻഡ്യാ ഗവർന്മേൽ നോട്ടീസു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ജപ്പാനിൽ ഏകദേശം ൨൦,൦൦൦,൦൦൦ മഹമ്മദീയരുണ്ടെന്നു കാണുന്നു.

പ്രൊൻസിൽ ഒഴിവായിരുന്ന Mende മുതലായ നാലഞ്ചു രൂപതകൾക്കു ൨൦ യിടെ പുതിയ ൪ മെത്രാന്മാരെ ൧൦൯൯ പീയൂസ് ൯൦പ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്നു.

തൃപ്പൂണിത്തുറ ശ്രുഷീകര മാതാവിന്റെ പള്ളി.

൨൬൨൯ ജനുവരി ൩൧-൦൯- ശനിയാഴ്ച നാഴിക രാവായപ്പോൾ മത്തമറിയം ൪സദക്കീസാ എന്ന പേരുവിളിച്ചു കല്ലിട്ടു. ഫെബ്രുവരി ൧-൦൯- ഞായറാഴ്ച ഒന്നാം ചെയ്യ കുബ്ബാനചൊല്ലി കല്ലിട്ടതു തെക്കൻ പള്ളിപ്പുറത്തുപള്ളി ഇടവക ബ. പാലയ്ക്കൽ തോമ്മാ മല്പാൻ.

ഒല്ലൂർ പള്ളി.

൧൭൨൬-ൽ ഒല്ലൂർ പള്ളി ചിറമ്മേൽ ചാക്കുരാൻ പാലു അവർകൾ പണിയിച്ചു.

മാസികാവരിപ്പണം അടച്ചവരുടെ പേരു വിവരം.

മ. രാ. രാ. ഒരു കൃപാ വീതം. അവർകൾ.

പീടികയിൽ സി. വക്കി, ബ. മാടക്കച്ചേരിൽ യൌസപ്പു ക., പടവുപുരയ്ക്കൽ കുര്യാള, പുത്തനപുരയ്ക്കൽ കുഞ്ഞോയി, ബ. നിലവുന്താ യോഹന്നാൻ ക, ബ. നെല്ലുവേലിൽ മത്തായി ക, ബ. പടവുപുരയ്ക്കൽ മാത്തൻ ക. അത്തിക്കളത്തിൽ കുഞ്ഞൻ, കുന്നപ്പള്ളിൽ കോര മാത്തൻ, പള്ളത്തുശ്ശേരിൽ പോത്തൻ പൌലോസ്, കുറുകയിൽ വക്കി, ചേരുഴത്തു ഫോൾ കുട്ടപ്പായ്, ജെ. എം. മിരാന്ത സിലോൺ. മണിയാകേരിൽ വക്കി തോമാ, കിഴക്കെ പടിഞ്ഞാറേതടത്തിൽ കുഞ്ഞൻ പൈലി, ചാവറ തൊമ്മി, കൊടിത്തോട്ടത്തിൽ ചാണ്ടി, ബ. പള്ളിക്കുന്നേൽ കുര്യാള ക, ബ. മുല്ലക്കേരിൽ മത്തായി ക. പുളിക്കത്താവരിയ്ക്കൽ അന്തോനി, മാളിയേക്കൽ പൌലൊ ഔസപ്പു, തെക്കിനേഴത്തു ചുമ്മാര തോമ്മാ, ഉച്ചക്കുട്ടിൽ പിള്ളാതിസ് ജി. എൽ. പ്രസന്റ്ധ് ഡി. മ്പോർജ്, തുരുത്തിസ്സാറിയാ, കരിക്കിനേഴത്തു വക്കി ഔസപ്പു, പണ്ടകശാലഴികത്തു എസ്. ജ്ഞാൻകുട്ടി, പായിത്തോമ്മാ, ചെറുശേരിൽ ദേവസ്യാ ചാണ്ടി, അങ്ങാടിച്ചേരിൽ മത്തായി തൊമ്മി, കളപ്പുരയ്ക്കൽ കുഞ്ഞാക്കോ പോത്തൻ, ചാവറ യൌസപ്പു, ബ. മൂരിക്കൽ ഗിവുഗിസ് ക. മണവെൽ പ്രണാണ്ടസ് വല്ലാതിൻ, മിഖൽപാമ്പിൽ വിൻസന്റ് ജെ. മിരാന്റാ, ബി. എം. പെറേരാ സിലോൺ. T. T. Joseph Karachee.

പലവക.

നടുവിലെ ചേന്ദൻകുളത്തു യൌസപ്പു ശ്രു. വ, കുറിയടത്തു വക്കി പാപ്പു ച. ഫു, ജെ. സി. പാവുൾ കോഴിക്കോട്ടു ശ്രു. വ, കാഞ്ഞിരത്തുമൂട്ടിൽ കുഞ്ഞോയി തോമ്മാ ശ്രു. വ ച. വ കാ. വു, കണിയാമ്പടി സെബസ്ത്യാൻ ശ്രു. വ, പുത്തൻപറമ്പിൽ തൊമ്മൻ ഉയീസ് ച. വു കാ. ഫ്രൻ, മുല്ലയ്ക്കൽ തൊമ്മി മാത്തു ച. വ കാ. വു, തുരുത്തുമലയിൽ ഔസപ്പു ചാക്കോ ശ്രു. വ, തുരുത്തുമാലിൽ പുലിച്ചിറ ചാക്കോ മത്തായി ശ്രു. വ, ബ. മാളിയേക്കൽ മത്തായി ക. ശ്രു. ഉ. ബ. ഏറത്തു യൌസപ്പു ക. ശ്രു. ബ. മുണ്ടാട്ടുമുണ്ടയിൽ മാണി ക. ശ്രു വ. ബ. ഓലിക്കൽ ഗിവുഗിസു ക. ച. വു ക. ഫ്ര.

(തുടരും)

വർത്തമാനക്കാർക്കു പ്രത്യേക നോട്ടീസ്.

മാസികാവരിപ്പണം പിരിക്കുന്നതിനു ബില്ലും മാനേജരുടെ ഒപ്പും ആപ്പീസു മുദ്രയുമുള്ള രസീതുകളുമായി എല്ലാ സ്ഥലങ്ങളിലേക്കും പണപ്പിരിവുകാരെ അയച്ചിട്ടുണ്ട്. വരിക്കാർ ദയചെയ്തു അനാവശ്യതാമസത്തിനിടവരുത്താതെ അവരവർ കൊടുപ്പാനുള്ള വരിപ്പണം പിരിവുകാരുടെ വശൽ കൊടുത്തു രസീതു വാങ്ങിപ്പാറാകണം. രസീതു വാങ്ങിക്കാതെ പണം ആരുടെ വശലെങ്കിലും കൊടുക്കുന്നതായാൽ ആയതിനു ഞാനിടെ ഉത്തരവാദിയാകുന്നതല്ല. വരിക്കാർ, പണം കൊടുത്തു രസീതു വാങ്ങിക്കുമ്പോൾ, തങ്ങൾക്കു കിട്ടുന്ന രസീതിൽ എഴുതിയിരിക്കുന്ന തുക ശരിയായി പിരിവുകാരുടെ വശൽ ഇരിക്കുന്ന രസീതിന്റെ ശേഷം ഭാഗത്തും എഴുതിയിട്ടുണ്ടോ എന്നു നോക്കി ഒപ്പിട്ടു കൊടുക്കയും ചെയ്യുന്നതൊക്കുടി ഓർമ്മിപ്പിക്കുന്നു.

REGISTERED No. M 365

പഞ്ചാംഗം.

ഹൻനന ആഗസ്റ്റ്. — മലവൃച കുക്കടകം — ചിങ്ങം.

ഇംഗ്ലീഷ്		മലയാളം		വിശേഷ ദിവസങ്ങൾ	
മാസം	തിയ്യതി	തിയ്യതി	നക്ഷത്രം		
കർക്കടകം (17)	ക	ഫെ	ബു	പരശു. ശ്ലീ. തുടൽ ന. അ. കൃ. വൈ. വൈ.	2
	ഖ	ഫവ	വ്യാ	പാ. വേ. ഏ.സു. ന്. അ. കൃ. വൈ. ച.	2
	ന	ഫൻ	വൈ	വേ. ഏ.സു. ശരീര. ന. അ. കൃ. വൈ. ച.	3
	ര	ഫഠ	ശ	ശ്രു. ധൊമിനി ന. അ. കൃ. വൈ. വൈ.	2
	ങ	ഫച	ഞാ	✠ പന്ത. ന്ദ്രം ഞാ. ന. കൃ. അ. വ. (ചി)	ം
	സ	ഫവ	ത്	(✠) ന. ക. ഗെലിയം ന. കൃ. വൈ. വൈ.	ം
	ഹ	ഫന	ചൊ	അ. വേ. ധൊനൊ. ന. അ. കൃ. വൈ. ച.	ം
	വ	ഫര	ബു	വേ. കറിയം. കുട്ട. ന. അ. കൃ. വൈ. ച.	ം
	ൻ	ഫങ	വ്യാ	വേ. ഖന്ദന്തി. ത. ന. അ. കൃ. ത. റോ.	ം
	ഠ	ഫന്ന	വൈ	വേ. ലെന്ദന്തി. ന. കൃ. വൈ. ച.	3
	ഡ	ഫഭ	ശ	മഞ്ഞുമം. ന. കൃ. വൈ. (ഒരം. ങ) വൈ.	ം
	ഢ	ഫവ	ഞാ	✠ പന്ത. ന്ദ്രം ഞാ. ന. കൃ. അ. വ. (ഉ)	2
	ണ	ഫൻ	തി	ശ്രു. കു. മത്സ്യം. ന. കൃ. വൈ. (ജൂലയേ ൻ) വൈ.	2
	ര	ന്ന	ചൊ	കു. മാ. കരേ. ത. ന. അ. കൃ. ത. ✲ റോ.	2
	ഭ	ന ഫ	ബു	✠ കു. മാ. കരേ. ന. കൃ. വൈ. വൈ.	2
	ന്ത	ന്ന	വ്യാ	വേ. വിത്തേ. ക്രൂട്ട. ന. അ. കൃ. വൈ. (ജൂൺ ഫ ഭ) ച.	2
	ഫ	ഫ	വൈ	വേ. മക്കോ. മർസ്ലീ. ന. അ കൃ. വൈ. (ജൂൺ ഫവ) ച.	3
	ഫവ	ര	ശ	വേ. അഗച്ചീ. ന. അ. കൃ. വൈ. ച.	2
	ഫൻ	ന	ഞാ	✠ പന്ത. ന്ദ്രം ഞാ. ന. കൃ. അ. വൈ. (ഫ)	ം
	ഠ	ര	ത്	ശ്രു. മൈ. ബ്ലണ്ണ. ന. അ. കൃ. വൈ. വൈ.	ം
	ച	ങ	ചൊ	വേ. ഗവ്വ. പ്രോ. ന. അ. കൃ. വൈ. (ജൂൺ ഫൻ) ച.	ം
	വ	സ	ബു	കു. മാ. കരേ. ഏട്ട. ന. കൃ. വൈ. വൈ.	ം
ചിങ്ങം.	ന	ഹ	വ്യാ	ബ്രഹ്മ. ശ്ലീ. ത. ന. അ. കൃ. ത. ✲ റോ.	ം
	ര	വ	വൈ	(✠) ബ്രഹ്മ. ശ്ലീ. ന. കൃ. വൈ. ച.	3
	ഭ	ൻ	ശ	ശ്രു. മൈ. ലൂഡവിക. രാജൻ ന. അ. കൃ. വൈ. വൈ.	ം
	ന	ഠ	ഞാ	✠ പന്ത. ന്ദ്രം ഞാ. ന. കൃ. അ. വ. (ഠ)	2
	ഹ	ഫ	തി	പാ. വേ. സിൽവേരി ന. അ. കൃ. വൈ. (ജൂൺ ഫഠ) ച.	2
	വ	ഫവ	ചൊ	ശ്രു. അ. മൈ. മ. അഗ്രസ്സീ. ന. കൃ. വൈ. വൈ.	2
	ൻ	ന്ന	ബു	സ്സാ. യേ. തല കു. ന. കൃ. വൈ. ച.	2
	ന ഠ	ര	വ്യാ	വേ. വെല്ലീക്ക. അഭേക്ക. ന. അ. കൃ. വൈ. ച.	2
	ന ഫ	ഭ	വൈ	ഒഴിവ. ന. കൃ. അ. വ.	2

✠ അടയാളം ഏല്ലാറ്റിനും കടന്നുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം.
✲ ഇറച്ചിവിലക്കുള്ള ദിവസം.

Printed and Published for the Proprietor
by A. P. Mani, at St. Joseph's Press, Maananam.